# ചൊവ്വാഴ്ച സന്ധ്യ

## കൗമാ

**ബ്രിക്മൂക്കോക്കോക് ദഹലോപ്പൈൻ**

**ഹാശായാൽ ക-ഷ്ടതയേറ്റ സഭ-മോദിക്കുമുത്ഥാനേ**

**തൽപ്രജകൾ നി-ന്നിൽ നിന്നേൽ-ക്കും പുണ്യം രക്ഷകനേ.**

**(മൂന്നു പ്രാവശ്യം)**

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...**

## പ്രാരംഭ പ്രാർത്ഥന

**ദൈവമേ നിന്റെ കൃപ പോലെ ... (പേജ് 2)**

## എനിയോനോ

**(പാതകിപോൽ ... എന്ന പോലെ)**

**1. തന്റെ കഷ്ടാനുഭവത്താൽ ഞങ്ങളുടെ പാപഭാരത്തെ നീക്കി മായിച്ചവനായ ദൈവമേ, ഞങ്ങളോടു കരുണയുണ്ടാകണമേ.**

**2. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി വരികയും വഞ്ചനയിൽനിന്നു ഞങ്ങളെ രക്ഷിക്കുകയും ചെയ്ത ദൈവമേ, ഞങ്ങളോടു കരുണ യുണ്ടാകണമേ.**

**3. വഞ്ചകനായ സാത്താനെ വീഴ്ത്തി ഞങ്ങളുടെ തലകളെ ഉയർത്തിയവനായ ദൈവമേ ഞങ്ങളോടു കരുണയുണ്ടാകണമേ.**

**4. നിങ്ങൾ ഉണർന്നു പ്രാർത്ഥിച്ചുകൊണ്ടിരിപ്പിൻ എന്നു തന്റെ ശിഷ്യന്മാരോട് അരുളിച്ചെയ്ത രക്ഷകനായ ദൈവമേ, ഞങ്ങളോടു കരു ണയുണ്ടാകണമേ.**

**5. ഞങ്ങളുടെ രക്ഷകനായ മിശിഹാ, നിന്റെ കഷ്ടാനുഭവത്താൽ നിന്റെ സഭയെ നീ രക്ഷിച്ചതിനാൽ നിനക്കു സ്തുതി. ദൈവമേ, ഞങ്ങളോടു കരുണയുണ്ടാകണമേ.. ബാറെക്മോർ.**

**6. സത്യേക ദൈവമായിരിക്കുന്ന പിതാവിനും പുത്രനും പരി ശുദ്ധ റൂഹായ്ക്കും സ്തോത്രവും വണക്കത്തോടുകൂടിയ ആരാധനയും ഉണ്ടായിരിക്കട്ടെ. കുറിയേലായിസോൻ.**

**കർത്താവേ! ഞാൻ നിന്നെ വിളിച്ചു ...(പേജ് 4)**

## എനിയോനോ

**1. വിശ്വാസമുള്ള സഭയേ! തിരുവിഷ്ടത്താൽ താഴ്മയ്ക്കായി വരികയും വഴിതെറ്റിൽനിന്നു നിന്നെ രക്ഷിക്കുകയും ചെയ്ത നിന്റെ നാഥനായ മിശിഹായേ നീ സ്തോത്രം ചെയയ്യുക.**

**2. ജാതിയിൻപുത്രിയായ സഭയേ! സ്കീപ്പായിൽവച്ചു നിനക്കു വിവാഹം നിശ്ചയിക്കുകയും കഷ്ടതയാലും മരണത്താലും നിന്നെ ജീവിപ്പിക്കുകയും ചെയ്ത മഹോന്നതന്റെ കടിഞ്ഞൂൽ പുത്രനു നീ സ്തുതി പാടുക.**

**3. കഷ്ടാനുഭവത്താലും മരണത്താലും ഞങ്ങളെ രക്ഷിച്ച യേശു തമ്പുരാനേ, നിന്റെ താഴ്മയ്ക്കു സ്തോത്രം. നിന്നെ അയച്ച പിതാവ് വാഴ്ത്തപ്പെട്ടവനാകുന്നു.**

**4. സൃഷ്ടികളെ വഹിച്ചിരിക്കേ ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി സ്കീപ്പാ മരം നീ വഹിച്ചതിനാൽ മഹാ ബലവാനായുള്ളോവേ, നിനക്കു സ്തുതി.**

**5. ജാതിയിൻപുത്രീ! കഷ്ടതയാലും മരണത്താലും സ്കീപ്പായാലും സൃഷ്ടികളെ സ്വാതന്ത്ര്യപ്പെടുത്തിയ നിന്റെ നാഥനായ മിശിഹായ്ക്കു സ്തുതി കരേറ്റുക. ബാറെക്മോർ.**

**6. അത്യുന്നതനും സാരാംശത്തിൽ സമത്വമുള്ളതുമായ ത്രിത്വത്തിനു സ്തുതിയും വന്ദനവും പുകഴ്ചയും നാം കരേറ്റണം.**

**സ്തൗമെൻകാലോസ് കുറിയേലായിസോൻ.**

## പ്രുമിയോൻ

## കോലോ

**1. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി/ തന്റെ പുത്രനെ അയച്ച പിതാവിന് സ്തുതി. സ്നേഹം മൂലം താൻ ഇറങ്ങിവന്ന് മനുഷ്യനായിത്തീരുകയും/ തിരുവിഷ്ടത്താൽ കഷ്ടതയും മരണവും സ്കീപ്പായും സഹിക്കുകയും/ നാശത്തിൽ ജീർണ്ണിച്ച ആദാമിനെ രക്ഷിക്കുകയും ചെയ്തു. ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**2. ഏകജാതനായ ദൈവമേ, നിന്റെ താഴ്മയ്ക്കു സ്തുതി. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി നീ സ്വയം ഏൽപ്പിക്കുകയും/ യൂദന്മാരുടെ ശപിക്കപ്പെട്ട ജനം/ മരണമില്ലാത്ത ജീവനുള്ളവനായ നിന്നെ കൊല്ലേണ്ടതിനായി സ്കീപ്പായ്ക്കു വിധിക്കുകയും ചെയ്തു. മൊറിയോ റാഹേം ...**

## എത്രൊ

1. വാഗ്ദത്തദേശത്തുനിന്നും യേശുബർനൂന്റെ അടുക്കൽ ഒറ്റുകാർ കൊണ്ടുവന്നതായ മുന്തിരിക്കുല രണ്ടുപേർ ഒരു തണ്ടിൽ വഹിച്ചിരുന്നു. അവരിൽ ഒരുവൻ ദേശം കാണുകയും മറ്റവൻ കാണാതിരിക്കുകയും ചെയ്തു. അതിനെ കണ്ട ജനം അതിൽനിന്നു പറിച്ചെടുത്തു. എങ്കിലും അതിന്റെ വീഞ്ഞിൽനിന്നു ആസ്വദിച്ചില്ല. എന്നാൽ ഇതാ എല്ലാ ജാതികളും അതു പാനം ചെയ്യുകയും അവരെ രക്ഷിച്ചവനു മഹത്വം പാടുകയും ചെയ്യുന്നു. ബാറെക്മോർ.

2. ലോകത്തെ രക്ഷിച്ച മനുഷ്യപ്രീതിയുള്ളവനേ, നിനക്കു സ്തുതി. പിതാവിൽനിന്നുള്ള അദൃശ്യശിശുവായ നീ ജഡത്തിൽ കാണപ്പെട്ടു. ആദാമിനുവേണ്ടി ജഡത്തിൽ കഷ്ടതകൾ അനുഭവിച്ചു. ആകൽക്കറുസായുടെ അടിമയിൽനിന്ന് അവൻ സ്വാതന്ത്ര്യപ്പെടുവാനും അക്ഷയമായ ജീവനും രാജ്യവും അവകാശിപ്പാനും ആയി അവന്റെ രക്ഷയ്ക്കുവേണ്ടി മരണത്തിനു നീ വിധിക്കപ്പെട്ടു. നിന്റെ താഴ്മയ്ക്കു സ്തുതി. മൊറിയൊ റാഹേം ...

## ബോത്തെദ് ഹാശോ

1. കർത്താവേ,ഞങ്ങൾക്കുവേണ്ടിയുള്ളനിന്റെക്ഷ്ടാനുഭവവുംഞങ്ങളെ പ്രതിയുള്ള നിന്റെ താഴാഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

2. അന്ധന്മാർക്കു വലിയ പ്രകാശം ഉദിച്ചു. തന്നെക്കണ്ടു തിരിച്ചറിയാതിരിപ്പാൻ തക്കവണ്ണം അന്ധകാരപുത്രന്മാർ കണ്ണടച്ചുകളഞ്ഞു. ന്യായത്തീർപ്പിനായി തന്നെ അവർ ഏല്പിക്കുകയും കുരുടന്മാരാകുവാൻ തക്കവണ്ണം സ്വയം അന്ധകാരപ്പെടുകയും ചെയ്തു.

3. നമ്മിൽ മറഞ്ഞിരിക്കുന്ന വ്യാധികളെ സൗഖ്യമാക്കിയ വൈദ്യൻ ഇവനാകുന്നു. രോഗികൾ തന്റെ നേരെ പാഞ്ഞുചെന്ന് തന്റെ വസ്ത്രങ്ങൾ ചീന്തിക്കളഞ്ഞു. തന്റെ സഹായങ്ങൾക്കു പകരം അവർ അപമാനമേല്പിച്ചു. അവർ തന്റെ പ്രയത്നത്തിനു പകരം വൃഥാ തന്നെ കൊന്നു.

4. ഇന്നേദിവസം രക്തദാഹക്കാർ ചതിവാലോചിച്ചു. പിതാവായ ആദാമിനെ സൃഷ്ടിക്കുകയും ആദിമുതൽ സർവ്വസൃഷ്ടിയെയും സ്ഥിരപ്പെടുത്തുകയും ചെയ്ത കൈകൾ തറയ്ക്കേണ്ടതിനായി അവർ ആണി ഒരുക്കുകയും ചെയ്തു.

5. കർത്താവേ, നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടൊന്നിച്ചു ന്യായവിധിക്കായി നീ പ്രവേശിക്കരുതേ. മൊറിയോ...



@FIOK*.MOC.KTYM

## മാർ യാക്കോബിന്റെ ബോവൂസാ

1. കഷ്ടാനുഭവത്തിനും മരണത്തിനും സ്കീപ്പൂസായ്ക്കുമായി എഴുന്നെള്ളിയ മിശിഹാതമ്പുരാനെ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണ ചെയ്യണമേ. ദേവാ ദയയുണ്ടാകേണം, നാഥാ കൃപ തോന്നേണമൻപാൽ

2. നിരസനമേറ്റ ഉത്തമനായുള്ളോവേ! ലോകത്തെ സന്ദർശിപ്പാൻ നീ താണിറങ്ങിയപ്പോൾ ദുഷ്ടന്മാർ നിന്നെ നിരസിച്ചത് എത്രത്തോളമെന്നു ഞാൻ വർണ്ണിപ്പാൻ കൃപ ചെയ്യണമേ. അപഹരണമേറ്റ നീതിമാനായുള്ളോവേ, നീ നിന്ദയേല്ക്കുകയും സഹിക്കുകയും ചെയ്തു. ശക്തികൾ പ്രവർത്തിക്കുന്ന നിന്നെ അവർ ദുഷിച്ചിട്ടും നീ പിറുപിറുത്തില്ല. ദേവാ ദയയുണ്ടാകേണം, നാഥാ കൃപ തോന്നേണമൻപാൽ

3. നീ ദയ ചെയ്യുകയും ഊമന്മാരുടെ നാവുകളെ സൗഖ്യമാക്കുകയും ചെയ്തുവെങ്കിലും ശപിക്കപ്പെട്ടവർ നിന്റെ മുഖത്തു തുപ്പൽ ചിന്തി. നീ പിശാചുക്കളെ പുറത്താക്കിയെങ്കിലും പിശാചുക്കളുടെ തലവൻ എന്നു അവർ നിന്നെ വിളിച്ചു. രോഗികൾക്കു സൗഖ്യം നല്കുന്ന നിന്നെ അവർ ദൂഷണങ്ങളാൽ അപമാനിച്ചു. ദേവാ ദയയുണ്ടാകേണം, നാഥാ കൃപ തോന്നേണമൻപാൽ

4. കർത്താവേ, നിന്റെ കഷ്ടാനുഭവത്തിൽ ആകാശവും ഭൂമിയും കഷ്ടത ധരിച്ചു. നീ എത്രയും താഴ്ത്തപ്പെട്ടതിനാൽ ഈറേന്മാരും മനുഷ്യരും അത്ഭുതപ്പെടുകയും ചെയ്തു. ദേവാ ദയയുണ്ടാകേണം, നാഥാ കൃപ തോന്നേണമൻപാൽ

## ഏവൻഗേലിയോൻ

വി. മത്തായി 22 :15-33

ഞങ്ങളുടെ കർത്താവേശുമശിഹാ ... (പേജ് 11)

## കൗമാ

ഹാശായാൽ കഷ്ടതയേറ്റ സഭ മോദിക്കുമുത്ഥാനേ

തൽപ്രജകൾ നിന്നിൽ നിന്നേൽക്കും പുണ്യം രക്ഷകനേ.

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

# ചൊവ്വാഴ്ച സൂത്താറ

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ
ഹാശായാൽ ക-ഷ്ടതയേറ്റ സഭ മോദി-ക്കുമുത്ഥാനേ
തൽപ്രജകൾ നി-ന്നിൽ നിന്നേൽക്കും പുണ്യം-രക്ഷകനേ.
(മൂന്നു പ്രാവശ്യം)
നാഥാ!തേ സ്തുതിയും ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...
സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ

## കോലോ

1. മനുഷ്യസ്നേഹമുള്ളവനായ കർത്താവേ/ യൂദജനം അസൂയയാൽ നിന്നെ നിരസിക്കുകയും/ നിന്നെ കൊല്ലുവാൻ ഒരുങ്ങുകയും/ നിന്റെ വില യേറിയ രക്തത്തെ/ കൈക്കൂലിയാൽ വാങ്ങുകയും ചെയ്തു. തന്നിമിത്തം ജാതികളുടെ ഇടയിൽ അവർ ചിതറിക്കപ്പെട്ടു. ബാറെക്മോർ.ശുബഹോ ... മെനഓലം ...

2. ഇന്നേദിവസം ആകാശവും ഭൂമിയും ദുഃഖിച്ചു. സൃഷ്ടികളുടെ മേൽ സംഭ്രമവും വിറയലും ഉണ്ടായി. എന്തെന്നാൽ വിധിയേൽക്കുവാൻ മനസ്സായ ന്യായാധിപന്മാരുടെ ന്യായാധിപനെ/ പൊടിമണ്ണായവൻ ഇതാ നിന്ന് ന്യായം വിധിക്കുന്നു.

## ബോത്തെദ്ഹാശോ

1. കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും ഞങ്ങളെ പ്രതിയുള്ള നിന്റെ താഴാഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

2. സ്രഷ്ടാവിനെ സ്കീപ്പാമരത്തിന്മേൽ തൂക്കുവാൻ കഴിവുള്ളവൻ ആരുള്ളു? വഞ്ചകന്റെ അടിമയിൽനിന്നു ആദാമിനെ സ്വാതന്ത്ര്യപ്പെടുത്തുവാൻ തന്റെ സ്നേഹം ഹീനതയിലേകക്കു തന്നെ താഴ്ത്തി.

3. മെസ്രേനിൽനിന്നു ശക്തിയാലും ഭൂകമ്പത്താലും സംഭ്രമത്താലും വിടുവിക്കപ്പെട്ട മുന്തിരിവള്ളി കൈപ്പും ചൊറുക്കായും കലർത്തി അവൾക്ക് എല്ലാ നന്മകളെയും സമൃദ്ധമാക്കിയ മന്നായുടെ നാഥനു ഗോഗുൽത്തായിൽ വച്ച് കൊടുത്തു.



@FIOK*.MOC.KTYM

ചൊവ്വാഴ്ച സുത്താറ

4. ദോഷികളുടെ കൂട്ടം വഞ്ചനയാൽ ഒരുമിച്ചുകൂടി കൗശലം ആലോചിച്ചു. അണലിക്കുട്ടികൾ അവരുടെ രോഗികളെ സൗഖ്യമാക്കിയവന്റെ ജീവനെ മരത്തിന്മേൽ നശിപ്പിക്കുവാൻ ഹൃദയത്തിൽ ദോഷം ചിന്തിച്ചു.

5. കർത്താവേ! നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടൊന്നിച്ചു ന്യായവിധിക്കായി നീ പ്രവേശിക്കരുതേ. മൊറിയോറാഹേം ...

## മാർ അപ്രേമിന്റെ ബോവൂസാ

1. ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വലിയ കഷ്ടാനുഭവംമൂലം ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളുമായിത്തീരണമേ. ദേവാ ദയയുണ്ടാകേണം, നാഥാ കൃപ ...

2. അത്യുന്നതനായുള്ളോവേ, നിന്റെ ആർദ്ര നിന്നെ എത്രയോ താഴ്ത്തി. കുറ്റക്കാരനായ ആദാം നിമിത്തം സ്കീപ്പായ്ക്കു നിന്നെത്തന്നെ നീ ഏല്പിച്ചു. സത്യദ്വേഷികളായ സെഹിയോൻ പുത്രന്മാർ നിന്നെ പിടിച്ചു. ദേവാ ദയയുണ്ടാകേണം, നാഥാ കൃപ തോന്നേണമൻപാൽ...

3. ദീർഘദർശിമാരുടെ വചനങ്ങളും ദർശകന്മാരുടെ പ്രസംഗവും നീ നിവർത്തിച്ചു. കഷ്ടതയ്ക്കും താഴ്മയ്ക്കും നീ എഴുന്നെള്ളി; നിന്ദയുടെ സ്ലീബാ നീ സഹിച്ചു. നിന്റെ ക്നൂമ്മായുടെ ബലിയാൽ നിന്റെ പിതാവിനോടു ലോകത്തെ നീ നിരപ്പാക്കി. ദേവാ ദയയുണ്ടാകേണം, ...

4. ഞങ്ങളുടെ കർത്താവേ! ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ വലിയ കഷ്ടാനുഭവംമൂലം ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളുമായിത്തീരണമേ. ദേവാ ദയയുണ്ടാകേണം, ...

കുറിയേലായിസോൻ. കുറിയേ ... കുറിയേ ...

ഉയരപ്പെട്ടവന്റെ മറയിൽ ഇരിക്കുന്നവനും ... (പേജ് 14)

ഉയരപ്പെട്ടവന്റെ മറയിൽ ഇരിക്കുന്നവനായ ... (പേജ് 16)

## കൗമാ

ഹാശായാൽ ക–ഷ്ടതയേറ്റ സഭ മോദി–ക്കുമുത്ഥാനേ

തൽപ്രജകൾ നി–ന്നിൽ നിന്നേൽക്കും പുണ്യം–രക്ഷകനേ.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...

## വിശ്വാസപ്രമാണം

# ചൊവ്വാഴ്ച രാത്രി

## കൗമാ

ബ്രിക്മൂക്കോക്കോക് ദഹലോപ്പൈൻ

ഹാശായാൽ ക-ഷ്ടതയേറ്റ സഭ മോദി-ക്കുമുത്ഥാനേ

തൽപ്രജകൾ നി-ന്നിൽ നിന്നേല്ക്കും പുണ്യം-രക്ഷകനേ.

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ ... (പേജ് 20)

രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ ...(പേജ് 21)

## എനിയോനോ

1. മേലുള്ള ഉയരങ്ങളിൽനിന്നു തന്റെ കരുണയാൽ പ്രേരിതനായി വന്ന് ആദാമിനുവേണ്ടി ന്യായസ്ഥലത്തു നിൽക്കുകയും മനസ്സോടെ കഷ്ടതകൾ സഹിക്കുകയും ചെയ്ത ഉത്തമൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഞങ്ങൾക്കു വേണ്ടി പീഢ ഏറ്റ സകലത്തിന്റെയും ഉടയവനായുള്ളോവേ, നിനക്കു സ്തുതി.

2. പ്രീശന്മാരും സപ്രേന്മാരും കുറ്റമില്ലാത്ത നിന്റെമേൽ ദുഷ്ടത നിരൂപിച്ചു. അവരുടെ രോഗികളെ സൗഖ്യമാക്കിയതിനായി നിന്നെ തൂക്കുവാൻ അവർ മരം ഒരുക്കി. ഞങ്ങൾക്കുവേണ്ടി കഷ്ടതകൾ സഹിച്ച നീ വാഴ്ത്തപ്പെട്ടവനാകുന്നു. സകലത്തിന്റെയും ഉടയവനായുള്ളോവേ, നിനക്കു സ്തുതി.

3. കർത്താവേ! നീ ഊർശ്ലേം പുത്രന്മാരായ പാപികളുടെ വേദനകൾ സൗഖ്യമാക്കി. അവർ കഷ്ടതയും നിന്ദയും സ്കീപ്പായും നിനക്കു പ്രതിഫലമായി നൽകി. ഞങ്ങൾക്കുവേണ്ടി കഷ്ടമനുഭവിച്ചവനായുള്ളോവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു. സകലത്തിന്റെയും ഉടയവനായുള്ളോവേ, നിനക്കു സ്തുതി. ബാറെക്മോർ.

4. ജനമൊക്കെയും നശിക്കാതിരിപ്പാൻ എല്ലാവർക്കുംവേണ്ടി ഒരു മനുഷ്യൻ മരിക്കുന്നത് എത്രയും നല്ലതാകുന്നു എന്നു മത്സരക്കാരനായ

**കയ്യാപ്പാ സത്യമായി ദീർഘദർശനം പറഞ്ഞു. സകലത്തിന്റെയും ഉടയവനായുള്ളോവേ, നിനക്കു സ്തുതി.ബാറെക്മോർ.**

**5. കടങ്ങൾ പരിഹരിക്കുന്നവൻ ഭൂമിയിലേക്കിറങ്ങി; ദാവീദിന്റെ പുത്രിയിൽനിന്നു ശരീരം ധരിച്ചു. തിരുവിഷ്ടത്താൽ കഷ്ടാനുഭവത്തിനായി തന്റെ കരുണ തന്നെ പ്രേരിപ്പിക്കുകയും തന്റെ സ്നേഹം തന്നെ നിർബന്ധിക്കുകയും ചെയ്തു. സകലത്തിന്റെയും ഉടയവനായുള്ളോവേ, നിനക്കു സ്തുതി. കുറിയേലായിസോൻ. കുറിയേ ... കുറിയേ ...**

## ഒന്നാം കൗമാ

## എക്ബൊ

*(ഹൊക്തിലുബു മെസ്രേൻ ... എന്ന പോലെ)*

**നാഥാ! നീയേറ്റൊരു–ഹാശാ ധന്യം**

**വ്യഥയുണ്ടാക്കിയതാം–ബലിയും ധന്യം.**

**കുറിയേലായിസോൻ. കുറിയേ ... കുറിയേ ...**

**ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ മേൽ ...**

**സ്തൗമെൻകാലോസ് കുറിയേലായിസോൻ.**

## പ്രുമിയോൻ

## കോലോ

**1. സ്വഭാവത്തിൽ ദൈവമായിരിക്കുമ്പോൾ/ തന്റെ ശ്രേഷ്ഠതയുടെ ഉന്നതാവസ്ഥയെ താഴ്ത്തി/ തിരുവിഷ്ടത്താൽ കഷ്ടാനുഭവത്തിനു വന്ന ദൈവപുത്രനെ/ മേലുള്ള ഈറേന്മാർ കണ്ടപ്പോൾ എത്രയും അത്ഭുതപ്പെട്ടു. ആദാമിന്റെ രക്ഷയ്ക്കുവേണ്ടി എത്രയും താഴ്ത്തപ്പെടുകയും/ പാപത്തിന്റെ അടിമത്വത്തിൽനിന്ന്/ മരണമുള്ള വർഗ്ഗത്തെ സ്വാതന്ത്ര്യപ്പെടുത്തുകയും ചെയ്തവനായ നിനക്കു സ്തുതി. ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**2. പിതാവിന്റെ അദൃശ്യോന്നതങ്ങളിൽനിന്ന്/ ശാപം നിറഞ്ഞ ഭൂമിയിലേക്ക് ദൈവം ഇറങ്ങി. ഭൂമി അതിന്റെ പാദവിന്യാസത്താൽ അനുഗ്രഹിക്കപ്പെടുകയും/ അതിൽനിന്ന് താൻ മുള്ളുകളെ ഉന്മൂലനം ചെയ്യുകയും/ എല്ലാവിധ നന്മകളും അതിൽ വിതയ്ക്കുകയും ചെയ്തു. എന്നാൽ സപ്രേന്മാരും പ്രീശേന്മാരും/ സാത്താന്റെ ദുരാലോചനയാൽ തന്റെ നേരെ പാഞ്ഞെത്തുകയും/ നിരപരാധിയായ തന്നെ/ കുറ്റമില്ലാത്ത മരണത്തിന് അവർ വിധിക്കുകയും ചെയ്തു.**

## വീണ്ടും കോലോ

1. തിരുവിഷ്ടത്താൽ ബലി ആയിത്തീരുകയും/ മരണം ആസ്വദിക്കുകയും/ താണിറങ്ങി ആദാമിനെ കരേറ്റുകയും ചെയ്ത മഹാപുരോഹിതനായുള്ളോവേ,/ നിന്റെ ജീവനുള്ള ശബ്ദം നിദ്രപ്രാപിച്ചവരെ പുനരുത്ഥാന ദിവസത്തിൽ/ കബറിൽനിന്ന് പറുദീസായിലേക്കു വിളിച്ചു നിർത്തുമാറാകണമേ. ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. നീ തീക്കൽപ്പാറ തുറന്ന് അബ്രഹാമിന്റെ പുത്രിയെ കുടിപ്പിക്കുകയും/ നിന്നെ ദ്വേഷിച്ചവൾക്ക് മന്നായും കാടപ്പക്ഷിയും ഭക്ഷണമായി കൊടുക്കുകയും ചെയ്തു. നിന്നെ തള്ളിപ്പറയാതിരുന്ന സത്യമണവാട്ടിയായ തിരുസഭയ്ക്ക്/ നിന്റെ വിലാവു തുറന്നുകൊടുക്കുകയും/ നിന്റെ വിലയേറിയ തിരുരക്തം അവളെ കുടിപ്പിക്കുകയും ചെയ്തു.

## ബോത്തേദ്ഹാശോ

1. കർത്താവേ, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും ഞങ്ങളെ പ്രതിയുള്ള നിന്റെ താഴാഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

2. ലോകപരാക്രമൻ ശപിക്കപ്പെട്ട യഹൂദജനത്തിനു സ്വയം ഏല്പിച്ചുകൊടുത്തു; ആ ഭോഷന്മാർ തന്നെ ജയിച്ചു എന്നു വിചാരിച്ചു തന്നെ പിടിച്ചവരുടെമേൽ തന്റെ ഉഗ്രതയെ ലാഘവപ്പെടുത്തിയതിനാൽ തന്റെ മേൽ അവർ കൈകൾ വച്ചു.

3. ദൈവം എന്നുള്ള നിലയിൽ പിശാചുക്കളെ പുറത്താക്കിയിട്ടും ബേൽസബൂബിനെക്കൊണ്ടു അവയെ പുറത്താക്കി എന്നു മൂഢന്മാർ പറഞ്ഞു. തന്റെ അത്ഭുതം അവർ കണ്ടിട്ടും അതു പിശാചുക്കളുടേതായി അവർ കരുതി. കുറ്റമില്ലാത്തവനെ പരിഹസിക്കാൻ സാത്താൻ അവരുടെ ഹൃദയങ്ങളിൽ പതിയിരുന്നു.

4. നിനക്കു സ്തുതി ആവശ്യമില്ലാത്തവനായിരിക്കെ ഭൂമിയിൽ സ്തുതിപാഠകന്മാരെ ആക്കിയവനായി ഈറേന്മാരുടെയും മാലാഖമാരുടെയും നാഥനായുള്ളോവേ, നിന്റെ സ്തുതിയെ കീർത്തിപ്പാൻ മതിയായവൻ ആരുള്ളു? നിന്നെ അയച്ചവനും സ്തുതി.

5. കർത്താവേ! നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടൊന്നിച്ചു ന്യായവിധിക്കായി നീ പ്രവേശിക്കരുതെ. മൊറിയോ റാഹേം ...

## മാർ അപ്രേമിന്റെ ബോവൂസാ

1. ഞങ്ങളുടെ കർത്താവേ, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വലിയ കഷ്ടാനുഭവംമൂലം ഞങ്ങളോട് കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളുമായിത്തീരണമേ. ദേവാ ദയ...

**2. മൂശയേ, നീ വരിക; നാഥനു സ്കീപ്പാ ഒരുക്കിയ യിസ്രായേലിനെക്കുറിച്ചു കരയുവാൻ അബ്രഹാമിനെയും യിസഹാക്കിനെയും യാക്കോബിനെയും കൂട്ടിക്കൊണ്ടു വരിക. ശക്തികളാലും ഭൂകമ്പത്താലും അടയാളങ്ങളാലും മോശ പുറപ്പെടുവിച്ച മുന്തിരിവള്ളിയെ മനോഹരദേശത്തു നടുകയും അതു തഴച്ചു വളരുകയും ന്യായപ്രമാണവും കല്പനകളുമാകുന്ന ബലമേറിയ വേലി അതിനു ചുറ്റും കെട്ടുകയും അതിനുള്ളിൽ ചക്കു കുഴിച്ചിടുകയും ഉന്നതഗോപുരം അതിൽ പണിയുകയും ചെയ്തു. ആയത് കരുണ, ന്യായം, നീതി എന്നീ ഫലങ്ങൾ അത് നൽകേണ്ടതിനായിരുന്നു. ദേവാ ദയയുണ്ടാകേണം, നാഥാ കൃപ തോണേമൻപാൽ**

**3. നന്മകൾ ആസ്വദിച്ചതിനുശേഷം കാട്ടുമുന്തിരിങ്ങാകൾ നീട്ടിക്കൊടുത്ത എന്റെ പ്രിയന്റെ പുഷ്ടിയുള്ള മുന്തിരിത്തോട്ടത്തോടു ഞാൻ എന്തു ചെയ്യുമെന്നു കേട്ടുകൊള്ളുക. ഞാൻ അതിനു നൽകിയ ന്യായപ്രമാണമാകുന്ന വേലി പൊളിക്കുകയും അതിൽ എനിക്കു ബലികളർപ്പിക്കാതിരിപ്പാൻ തക്കവണ്ണം ചചക്കിനെ ഞാൻ സമൂലം പിഴുതുകളകയും അതിൽ ഉപദേശകന്മാർ ഉണ്ടാകാതിരിപ്പാൻ എന്റെ സകല ദീർഘദർശിമാരോടും ഞാൻ കല്പിക്കുകയും അങ്ങനെ അതു വേല ചെയ്യാതെ തരിശായി എന്നേക്കും നശിക്കുകയും ചെയ്യും. ദേവാ ദയ...**

**4. ഞങ്ങളുടെ കർത്താവേ, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വലിയ കഷ്ടാനുഭവംമൂലം ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവനും നിന്റെ രാജ്യത്തിൽ അവകാശികളുമായിത്തീരണമേ. ദേവാ ദയയുണ്ടാകേണം, നാഥാ...**

## ഏവൻഗേലിയോൻ

**വി. മത്തായി 12: 38-45, വി. ലൂക്കോസ് 11: 53-54**

## രണ്ടാം കൗമാ

## കൗമാ

**പീഡാ താഴ്ചകളാൽ നമ്മെ വീണ്ടോനാം**
**മിശിഹായെ വാഴ്ത്തി നമിക്കാമീരാവിൽ**
**(മൂന്നു പ്രാവശ്യം)**
**നാഥാ! തേ സ്തുതിയും ...**
**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...**


DERIN@*.MOC.KTYM

## എക്ബൊ

*(കും-പൗലോസ്)*

**സ്തുതി, മൃതിയാർന്നോനേ-വീണ്ടുമുയിർത്തോനേ**

**മൃതിഹീനാ പ്രാണ-പ്രദനേ! സ്തോത്രം.**

*കുറിയേലായിസോൻ. കുറിയേ ... കുറിയേ ...*

*ഞങ്ങളുടെ കർത്താവേ ഞങ്ങളോട് കരുണ ചെയ്യണമേ ...*

**സ്തൗമൻകാലോസ് കുറിയേലായിസോൻ.**

## പ്രുമിയോൻ

## കോലോ

**1. സത്യത്തെ ദ്വേഷിച്ചവരായ യൂദന്മാർ/ യേശുതമ്പുരാന് എതിരായി കൂടി. തന്റെ സർവ്വ നന്മകൾക്കും പകരം/ അവർ തിന്മ പ്രതിപകരം നൽകി. തന്നെ തൂക്കുവാൻ അവർ മരം ഒരുക്കുകയും/ അന്യായക്കാരോടൊരുമിച്ച് തന്നെ ഗണിക്കുകയും ചെയ്തു. ലോകരക്ഷകനായ താൻ നമ്മെ കൂട്ടിച്ചേർക്കുകയും/ അവരെ ചിതറിക്കുകയും ചെയ്തു. ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**2. എന്റെ വാത്സല്യവാന്മാരേ, മണവറയ്ക്കുള്ളിൽ വേശ്യാദോഷം ചെയ്ത മണവാളനെ/ സ്കീപ്പായിൽ തൂക്കിയ മണവാട്ടിയായി/ ക്രൂശകയായ സെഹ്യോനെയല്ലാതെ ആരെ എവിടെ കണ്ടിട്ടുണ്ട്? അവൾ കാളക്കുട്ടിയെയും ബാലിനെയും വന്ദിക്കുകയും/ നല്ലവനെ മരത്തിൽ തൂക്കുകയും ചെയ്തു. വേശ്യയെ പുറത്താക്കുകയും/ അവൾക്കു പകരം സഭയെ തനിക്കു വിവാഹം നിശ്ചയിക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു. മൊറിയോ റാഹേം ...**

## എത്രോ

## വീണ്ടും കോലോ

**1. ഇന്നേദിവസം നമ്മുടെ കർത്താവു പരിശുദ്ധ കൂട്ടത്തിനു സത്യത്തിന്റെ ദർശകന്മാർ പ്രസംഗിച്ചതായ അദൃശ്യമർമ്മങ്ങൾ വെളിപ്പെടുത്തി. പിതാക്കന്മാർ ദൃഷ്ടാന്തങ്ങളാൽ തന്നെ രൂപീകരിക്കുകയും ചെയ്തു. യഹൂദന്മാരായ ശപിക്കപ്പെട്ട ജനത്തിൽനിന്നു താൻ കഷ്ടത അനുഭവിക്കുമെന്നും തന്റെ കഷ്ടതയാലും മരണത്താലും ലോകം ശാപത്തിൽനിന്നു രക്ഷപ്പെടുവാനും അവർ അറിയിച്ചു. തന്റെ താഴ്മയ്ക്കു സ്തുതി. ബാറെക്മോർ.**



@FIOK*.MOC.KTYM

2. സഭ പറഞ്ഞതാവിത്: മേലിൽനിന്നു ഇറങ്ങി വന്ന്, സ്കീപ്പാമേൽ മരിച്ച ദൈവപുത്രന്റെ സ്നേഹത്തിൽ നിന്നു എന്നെ ആർക്കു വേർതിരിപ്പാൻ കഴിയും? ശരീരിയായിത്തീർന്ന വചനവും മനുഷ്യനായിത്തീർന്ന് സ്നേഹപൂർവ്വം കഷ്ടതകൾ സഹിക്കുകയും മരണത്താൽ ഞങ്ങളെ ജീവിപ്പിക്കുകയും ചെയ്ത ദൈവത്തിൽനിന്നുള്ള ദൈവവും പ്രകാശവുമായ യേശുമിശിഹാ, നിന്നിൽ ഞാൻ ഏറ്റുപറയുന്നു.. മൊറിയോ റാഹേം ...

## ബോത്തേദ് ഹാശോ

1. കർത്താവേ, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും ഞങ്ങളെ പ്രതിയുള്ള നിന്റെ താഴാഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

2. പതിനായിരം വായുണ്ടെങ്കിലും, കർത്താവേ, നിന്റെ താഴ്മയെ സ്തോത്രം ചെയ്‌വാൻ ഞങ്ങൾക്കു പ്രാപ്തിയില്ല. എത്ര നാവുണ്ടെങ്കിലും നിന്റെ മഹത്വസ്വഭാവത്തെ കഷ്ടതയ്ക്കും മരണത്തിനുമായി നീ എത്രത്തോളം താഴ്ത്തിയെന്നു ഞങ്ങൾക്ക് വർണ്ണിക്കാവുന്നതുമല്ല.

3. മിശിഹായെ പിടിച്ച് ജനം മരത്തിന്മേൽ ക്രൂശിച്ചതു അവർക്കു തന്റെമേൽ ജയം ഉണ്ടായിട്ടല്ല; എന്നാലോ ആദാമിനെ പറുദീസായിലേക്കു തിരിക്കുവാൻ അവനുവേണ്ടി മരണം ആസ്വദിക്കേണ്ടതിനു സ്വയം കൊലയ്ക്കായി ഏല്പിച്ചതുകൊണ്ടത്രേ.

4. മഹത്വത്തിന്റെ നാഥനും സർവ്വത്തിന്റെയും ദൈവവുമായുള്ളോവേ, ഞങ്ങളുടെ സകല വായ്കളെക്കാളും നിന്റെ സ്തുതി വലുതാകുന്നു, നീ പീഢയേറ്റു ഞങ്ങളെ രക്ഷിച്ചു. നിന്റെ നാമത്തിനു സ്തുതിയും നിന്റെ കരുണയ്ക്കു സ്തോത്രവും അദൃശനായ നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും മഹത്വവും ഉണ്ടായിരിക്കട്ടെ.

5. കർത്താവേ, നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടൊന്നിച്ചു ന്യായവിധിക്കായി നീ പ്രവേശിക്കരുതെ. മൊറിയോ...

## മാർ അപ്രേമിന്റെ ബോവൂസാ

1. ഞങ്ങളുടെ കർത്താവേ, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവംമൂലം ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളുമായിത്തീരണമേ. ദേവാ ദയ...

**2. എല്ലാവരും തങ്ങളുടെ മാലിന്യങ്ങൾ വെളിപ്പെടാതിരിപ്പാൻ നിന്റെ മരണത്തെക്കുറിച്ചു ആർപ്പിട്ടു. നിന്റെ താഴ്മ നിനക്ക് എത്രയും ചേർച്ചയായിരുന്നു. ദുഷ്ടന്മാരോടു നീ കരുണ ചെയ്യുകയും അന്യായക്കാരെ നീ സ്നേഹിക്കുകയും ചെയ്തു. നിന്നെ ദ്വേഷിച്ചവരെ നീ ബഹുമാനിച്ചു. നിന്ദയുടെ സ്കീപ്പാമേൽ നിന്നെ തൂക്കിയവർക്കുവേണ്ടി നീ മോചനം യാചിക്കുകയുംചെയ്തു. "പിതാവേ, ഇവർ ഇവരുടെ ദുഷ്ടതയിൽനിന്നു അനുതപിക്കുന്നുവെങ്കിൽ ഇവരുടെ അകൃത്യം ഇവരോടു ക്ഷമിക്കണമേ. എന്തെന്നാൽ ഇവർ എന്തു ചെയ്യുന്നു എന്നു അറിയുന്നില്ല" എന്നു നിന്റെ പിതാവിനോടു നീ പ്രാർത്ഥിച്ചു; എന്നാലോ ആ ദുഷ്ടന്മാരും അന്യായക്കാരും അനുതപിക്കാതെ മോചനത്തെ ത്യജിച്ചുകളഞ്ഞു. ദേവാ ദയയുണ്ടാകേണം...**

**3. ഞങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിക്കുകയും തന്റെ പിതാവിനോടു ഞങ്ങളെല്ലാവരോടും നിരപ്പാക്കുകയും ചെയ്ത നിനക്കു സ്തുതി. നിർമ്മല ഹൃദയത്തോടെ നിന്റെ ഇടവകയിതാ നിന്നെ സ്തുതിക്കുന്നു. നീ അതിനുവേണ്ടി എത്രയും സഹിച്ചുവോ അത്രയും സ്തുതിയുടെ കിരീടം നിനക്കായി മുടയുന്നു. കർത്താവേ, നിനക്കു സ്തുതി. ആയിരമായിരമായും പതിനായിരം പതിനായിരമായും നിനക്കു സ്തുതി. നിനക്കും നിന്നെ അയച്ച പിതാവിനും പരിശുദ്ധ റൂഹായ്ക്കും പുകഴ്ചയും ഉന്നതിയും എന്നേക്കും ഉണ്ടായിരിക്കട്ടെ. ദേവാ ദയയുണ്ടാകേണം...**

**4. ഞങ്ങളുടെ കർത്താവേ, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വലിയ കഷ്ടാനുഭവംമൂലം ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളുമായിത്തീരണമേ. ദേവാ ദയയുണ്ടാകേണം...**

## ഏവൻഗേലിയോൻ

**വി. യോഹന്നാൻ 2: 12–25, 3: 13–21**

## മൂന്നാം കൗമാ

**പീഡാ താഴ്ചകളാൽ നമ്മെ വീണ്ടോനാം**
**മശിഹായെ വാഴ്ത്തി നമിക്കാമീ രാവിൽ.**

*(മൂന്നു പ്രാവശ്യം)*

**നാഥാ! തേ സ്തുതിയും മാനം ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**



@FIOK*.MOC.KTYM

## എക്ബൊ

*(ആമോ ഉ ആമ്മെ)*

**പുത്ര രഹസ്യം-ശ്രദ്ധിപ്പിൻ**
**സ്തോത്രം ചെയ്വി-നെല്ലാരും.**

*കുറിയേലായിസ്സോൻ. കുറിയേ ... കുറിയേ ...*

*സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ.*

## പ്രുമിയോൻ

## കോലോ

**1. പൈതലായ ഇസഹാക്ക്/ ബന്ധിതനായി ബലിപീഠത്തിൽ വയ്ക്കപ്പെട്ടു. മരിക്കുന്നതിനും സ്രഷ്ടാവിന്റെ ഇഷ്ടം നിവർത്തിക്കുന്നതിനും/ അവനു സന്തോഷമായിരുന്നു. ഇതു നമ്മുടെ രക്ഷയ്ക്കായിട്ടു തന്നെ അയച്ച പിതാവിന്റെ ഇഷ്ടം നിവർത്തിപ്പാൻ/ നമുക്കുവേണ്ടി മരിച്ച പുത്രന്റെ രഹസ്യത്തെ സുചിപ്പിക്കുകയായിരുന്നു. പരിശുദ്ധാത്മ ദൃഷ്ടിയാൽ/ തന്റെ സാദൃശ്യങ്ങൾ ദർശിച്ച നീതിമാന്മാരുടെ വചനങ്ങൾ സത്യമായി/ നിറവേറ്റിയ ഉപമകളുടെ നാഥനു സ്തുതി. ബാറെക്മോർ – ശുബഹോ – മെനഓലം**

**2. അബ്രഹാം കണ്ണുകളുയർത്തി. മലയിൽവച്ച് ഒരു വൃക്ഷത്തെയും/ അതിന്റെ കൊമ്പുകൾക്കിടയിൽ കുഞ്ഞാടിനെയും കണ്ടു. ആരും നടാത്ത വൃക്ഷത്തെയും/ ജനിക്കാത്ത മുട്ടാടിനെയും കുറിച്ച് അവൻ അത്ഭുതപ്പെട്ടു. പുത്രന്റെ രഹസ്യങ്ങളും രക്ഷകന്റെ സാദൃശ്യങ്ങളും അതിൽ രൂപീകരിക്കപ്പെട്ടിരുന്നു. കുഞ്ഞാട് ഇസഹാക്കിനെ രക്ഷിച്ചപ്രകാരം/ മ്ശിഹാ സഭയെയും അതിന്റെ മക്കളെയും രക്ഷിച്ചു. ഞങ്ങളുടെ രക്ഷയ്ക്കായി വന്ന കർത്താവേ,/ ഞങ്ങളോടു കരുണയുണ്ടാകണമേ. മൊറിയോ ...**

## എത്രോ

## വീണ്ടും കോലോ

**1. കർത്താവേ! അബ്രഹാം മലയിൽവച്ച്/ നിന്റെ രഹസ്യത്തെ ദൃഷ്ടാന്തപ്പെടുത്തി. എന്തെന്നാൽ അവന്റെ ഏകജാതനെ/ വൃക്ഷത്തിൽനിന്നുള്ള കുഞ്ഞാട് രക്ഷിച്ചു. കുഞ്ഞാട് ഇസഹാക്കിനെ വിടുവിക്കുകയും/ കൊലയിൽ നിന്ന് വീണ്ടെടുക്കുകയും ചെയ്തു. നിന്റെ സാദൃശ്യത്തിൽ ഇസഹാക്ക് രക്ഷ പ്രാപിച്ചതിനെ കണ്ട്/ അബ്രഹാം സന്തോഷിച്ചു. ഞങ്ങൾക്കുവേണ്ടി നിന്നെ അയച്ച പിതാവിനു സ്തുതി. ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**2. ആചാര്യനായ അബ്രഹാമിനോട് സാറാ പറഞ്ഞതെന്തെന്നാൽ, എന്റെ ഏകപുത്രനെ നീ എവിടേക്കു കൂട്ടിക്കൊണ്ടു പോകുന്നു? അവനോട് രഹസ്യത്തിൽ എന്നപോലെ നീ ചെയ്യുന്നതെന്താണ്? നിന്റെ ദർശനം ഏതോ രഹസ്യത്തെ സൂചിപ്പിക്കുന്നതിനും/ ഉപമകളെ ദൃഷ്ടാന്തീകരിക്കുന്നതിനും തുല്യമാകുന്നു. കർത്താവ് നിങ്ങൾക്ക് അനുയാത്രയാവുകയും/ സമാധാനത്തോടെ നിങ്ങളെ മടക്കിവരുത്തുകയും ചെയ്യട്ടെ. മൊറിയോ...**

## ബോത്തേദ് ഹാശോ

**1. കർത്താവേ, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും ഞങ്ങളെ പ്രതിയുള്ള നിന്റെ താഴാഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.**

**2. അബ്രഹാമും ബലിസാധനമായ യിസഹാക്കും പിതാവിന്റെയും തന്റെ ഏകജാതന്റെയും ദൃഷ്ടാന്തത്തെ രൂപീകരിച്ചു. ദേവാലയത്തിനു പകരം ബലിപീഠം വിശുദ്ധ മേശയായിത്തീർന്നു. അതിനാൽ ആദാമിന്റെ മക്കൾ പാപപരിഹാരം സമ്പാദിച്ചു.**

**3. അബ്രഹാമിന്റെ പുത്രൻ പർവ്വതത്തിൽ നിവർത്തിച്ച രഹസ്യം എത്രയോ വലുതും സ്തുത്യവുമായിരുന്നു! എന്തെന്നാൽ അവനെ ദഹിപ്പിക്കുവാനുള്ള വിറക് അവൻതന്നെ ചുമന്നുകൊണ്ടുപോയി. അതു ക്രൂശിക്കപ്പെടുവാൻ സ്കീപ്പാ മരം ചുമന്നുകൊണ്ടുപോയ പുത്രന്റെ ദൃഷ്ടാന്തമായിരുന്നു.**

**4. ദുഃഖം കൂടാതെ സന്തോഷപൂർവ്വം സ്വന്തപുത്രനെ ബലിയർപ്പിക്കേണ്ടതിനു പോയ നീതിമാനായ അബ്രഹാമിനെക്കുറിച്ചു വിസ്മയിക്കാത്തവൻ ആരുള്ളു? പാപികൾക്കുവേണ്ടി ക്രൂശിക്കപ്പെടേണ്ടതിനു സ്വപുത്രനെ ഏല്പിച്ച പിതാവിന്റെ ദൃഷ്ടാന്തത്തെ ഇത് ഉപമിക്കുകയായിരുന്നു.**

**5. കർത്താവേ, നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടൊന്നിച്ചു ന്യായവിധിക്കായി നീ പ്രവേശിക്കരുതെ.മൊറിയോ റാഹേം ...**

## മാർ യാക്കോബിന്റെ ബോവൂസാ

**1. കഷ്ടാനുഭവത്തിനും മരണത്തിനും സ്ക്കീപ്പൂസായ്ക്കുമായി എഴുന്നെള്ളിയ മിശിഹാതമ്പുരാനെ ഞങ്ങളുടെ അപേക്ഷകേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണ ചെയ്യണമേ. ദേവാ...**

**2. ദൈവത്തിൽനിന്നു അബ്രഹാമിനു വെളിപാടുണ്ടായി. "നീ നിന്റെ പുത്രനെ കൂട്ടിക്കൊണ്ടുപോയി ഒരു മലയിൽ എനിക്കായി ബലികഴിക്ക" എന്നു പറഞ്ഞു. തന്റെ പുത്രനെ കത്തിയിൽനിന്നു വിലക്കുവാൻ അവനു കഴിഞ്ഞില്ല; അവനെ ബലി അർപ്പിക്കേണ്ടതിനു സന്തോഷത്തോടെ കൂട്ടി**

**ക്കൊണ്ടുപോകുകയും ചെയ്തു. ദേവാ ദയയുണ്ടാകേണം...**

**3. പൈതലിനെ അവൻ ബന്ധിച്ച് വിറകിൻ മീതെ കിടത്തി. ദുഃഖം കൂടാതെ അവൻ വാളിനു നേരെ കഴുത്തുനീട്ടി. പൈതലായ ഇസഹാക്കിന്റെ ബന്ധനങ്ങൾ അഴിക്കുകയും അവന്റെ പിതാവിനെ സന്തോഷിപ്പിക്കുകയും ചെയ്ത വൃക്ഷത്തിൽ നിന്നുള്ള ആട്ടുകൊറ്റനാൽ മഹാരഹസ്യം വെളിവാക്കപ്പെട്ടു. ദേവാ ദയയുണ്ടാകേണം...**

**4. കർത്താവേ, നിന്റെ കഷ്ടാനുഭവത്തിൽ ആകാശവും ഭൂമിയും കഷ്ടത ധരിച്ചു. നീ എത്രയും താഴ്ത്തപ്പെട്ടതിനാൽ ഈറേന്മാരും മനുഷ്യരും അത്ഭുതപ്പെടുകയും ചെയ്തു. ദേവാ ദയയുണ്ടാകേണം...**

## ഏവൻഗേലിയോൻ

**വി. യോഹന്നാൻ 5: 30– 6: 4**

**ഹാലേലുയ്യാ ഹാലേ ... ഹാലേ ...**

**ദൈവമേ! നിനക്കു സ്തുതി ... (മൂന്നു പ്രാവശ്യം)**

**കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമേ! മൊറിയോ ...**

**ഉറങ്ങിയവരേ നിങ്ങൾ ... (പേജ് 40)**

**ത്രിത്വത്തിനു സ്തുതി ... (പേജ് 43)**

## നാലാം കൗമാ

**സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ.**

## പ്രുമിയോൻ

## കോലോ

**1. നീ ജാതികളെ നശിപ്പിക്കുകയും/ മിസ്രേമിൽനിന്ന് കൊണ്ടുവന്ന മുന്തിരിവള്ളിയെ നടുകയും ചെയ്തു. അതിന്റെ മുമ്പിൽ പർവ്വതങ്ങൾ കുഞ്ഞാടുകളെപ്പോലെ തുള്ളി. അതിലുള്ള വിശിഷ്ടമായ മുന്തിരിക്കുലയെ ജാതികൾ പറിച്ചെടുക്കുകയും/ തിന്നു തൃപ്തരാകുകയും/ തന്നെ മരത്തിന്മേൽ ക്രൂശിച്ചവർ എന്നേക്കും നശിക്കുകയും ചെയ്തു. ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**2. വിശ്വാസമുള്ള വിശുദ്ധ സഭയേ, നീ സ്തുതി പാടുക. തന്റെ മരണത്താൽ പാപികളെ ജീവിപ്പിക്കുകയും/ തന്റെ കഷ്ടാനുഭവങ്ങളാൽ നിന്റെ മക്കളെ സ്വാതന്ത്ര്യപ്പെടുത്തുകയും/ തന്റെ ഉയിർപ്പിന്റെ ദിവസത്തിൽ/ മേലുള്ളവരെയും താഴെയുള്ളവരെയും/ ആകാശത്തെയും ഭൂമിയെ**

**യും സന്തോഷിപ്പിക്കുകയും ചെയ്ത/ നിഹതനായ മണവാളനു സ്തുതി പാടുക. മൊറിയോ റാഹേം ...**

## ബോത്തേദ് ഹാശോ

**1. കർത്താവേ, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും ഞങ്ങളെപ്രതിയുള്ള നിന്റെ താഴാഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.**

**2. നല്ല ഇടയനായുള്ളോവേ, നിന്റെ ഇടവക ചെവി ചായിച്ചു ഏകജാ തന്റെ വൃത്താന്തം കേൾക്കുവാൻ ശ്രദ്ധിക്കുന്നു. നിന്റെ കഷ്ടാനുഭവം നിന്റെ സഭയ്ക്കു കോട്ടയായിത്തീർന്നു. അതിന്റെ ആടുകളെ അപഹരിക്കുന്ന ദുരാഗ്രഹിയായ ചെന്നായെ അതിൽനിന്നും ഓടിച്ചുകളയണമേ.**

**3. മേലിലും താഴെയും മുഴങ്ങിക്കേട്ട ശബ്ദങ്ങൾ കൊണ്ടുപോലും സെഹിയോന്റെ ഉറക്കം വിട്ടുമാറിയില്ല. അവളെ ചവുട്ടി വേദനപ്പെടുത്തിയ അവളുടെ മണവാളനെ സംഭ്രമത്തോടെ എഴുന്നേറ്റ് അവൾ ഉപദ്രവിച്ചു. അവളെ ഉണർത്തിയ ഉണർവുള്ളവനെ അവൾ വധിക്കുകയും ചെയ്തു.**

**4. തന്റെ സ്വരൂപം നശിച്ചുപോകാതിരിപ്പാൻ സ്വയം താണിറങ്ങിയ അത്യുന്നതനു സ്തുതി. അവസാനത്തിൽ താൻ വന്നു മനുഷ്യനായിത്തീരുകയും വ്യാപാരപ്രകാരം തന്റെ മാർഗ്ഗം നിവർത്തിക്കുകയും കഷ്ടതകൾ സഹിക്കുകയും ചെയ്തു. തന്നെ അയച്ചവനു സ്തുതി.**

**5. കർത്താവേ, നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടൊന്നിച്ച് ന്യായവിധിക്കായി നീ പ്രവേശിക്കരുതെ.**

## മാർ യാക്കോബിന്റെ ബോവൂസാ

**1. കഷ്ടാനുഭവത്തിനും മരണത്തിനും സ്ക്കീപ്പൂസായ്ക്കുമായി എഴുന്നെള്ളിയ മിശിഹാതമ്പുരാനേ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണ ചെയ്യണമേ. ദേവാ ദയ...**

**2. കുരുടന്റെ കണ്ണുകൾ തുറന്നവൻ ഇവനല്ലയോ എന്നും ഇവൻ അവനോടു സദൃശ്യനാകുന്നുവെന്നും ഇവൻ കണ്ണുകൾ തുറന്നിട്ടേയില്ല എന്നും അവർ പറഞ്ഞു. ഊമനും കുരുടനുമായ മനുഷ്യനെ സൗഖ്യമാക്കിയപ്പോൾ തനിക്കു പിശാചുണ്ടെന്നും പിശാചുക്കളുടെ തലവനെക്കൊണ്ട് പിശാചുക്കളെ പുറത്താക്കുന്നുവെന്നും അവർ പറഞ്ഞു.**
**ദേവാ ദയ...**

**3. ഉത്തമനായ കർത്താവേ, സ്തുതിക്കു പകരം അഹങ്കാരികളിൽ നിന്നു നിന്ദയെ സ്വീകരിച്ച നിന്നെ സ്തുതിപ്പാൻ മതിയായവൻ ആരുള്ളു? സകലസൃഷ്ടികളും നിന്നേയും നിന്റെ പിതാവിനേയും നിന്റെ പരിശുദ്ധ റൂഹായേയും അനുസരിച്ചുകൊണ്ടു നിനക്കു മഹത്വം പാടുമാറാകണമേ**



@FIOK*.MOC.KTYM

**4. കർത്താവേ, നിന്റെ കഷ്ടാനുഭവത്തിൽ ആകാശവും ഭൂമിയും കഷ്ടത ധരിച്ചു. നീ എത്രയും താഴ്ത്തപ്പെട്ടതിനാൽ ഈറേന്മാരും മനുഷ്യരും അത്ഭുതപ്പെടുകയും ചെയ്തു.ദേവാ ദയ...**

**അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ ... (പേജ് 45)**

**ഞങ്ങളുടെ കർത്താവായ യേശുമിശിഹാ ... (പേജ് 47)**

**കൗമാ**

**ഹാശായാൽ ക-ഷ്ടതയേറ്റ സഭ മോദി-ക്കുമുത്ഥാനേ**

**തൽപ്രജകൾ നി-ന്നിൽ നിന്നേൽക്കും പു-ണ്യം രക്ഷകനേ**

**(മൂന്നു പ്രാവശ്യം)**

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**



DERIN@*.MOC.KTYM

# ചൊവ്വാഴ്ച പ്രഭാതം

## കൗമാ

**ബ്രിക്മൂക്കോക്കോക് ദഹലോപ്പൈൻ**

**ഹാശായാൽ ക-ഷ്ടതയേറ്റ സഭ മോ-ദിക്കുമുത്ഥാനേ**

**തൽപ്രജകൾ നി-ന്നിൽ നിന്നേൽക്കും പു-ണ്യം രക്ഷകനേ**

**(മൂന്നു പ്രാവശ്യം)**

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**

## പ്രാരംഭ പ്രാർത്ഥന

**ദൈവമേ! നിന്റെ കൃപ പോലെ ... (പേജ് 2)**

## എനിയോനോ

**1. ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവത്താലും മരണത്താലും പുതിയ ജീവനെ ഞങ്ങൾക്കു നല്കിയവനായ ദൈവമേ, ഞങ്ങളോടു കരുണയുണ്ടാകണമേ.**

**2. ഞങ്ങൾക്കുവേണ്ടി മരണമേറ്റവനായി സ്വയമേ ജീവനുള്ളവനായ ദൈവമേ, ഞങ്ങളോടു കരുണയുണ്ടാകണമേ.**

**3. ഞങ്ങൾക്കു ജീവൻ നല്കുകയും തന്റെ മരണത്താൽ ഞങ്ങൾ ജീവൻ നേടുകയും ചെയ്തു എന്ന ജീവനുള്ള ദൈവമേ, ഞങ്ങളോടു കരുണയുണ്ടാകണമെ.**

**4. ചതിയനായ ശിഷ്യനാൽ വഞ്ചകരായ പുരോഹിതന്മാർക്കു ഏല്പിക്കപ്പെട്ടവനായ ദൈവമേ, ഞങ്ങളോടു കരുണയുണ്ടാകണമേ. ബ ാ െ റ ക്മോർ.**

**5. തന്റെ കുറ്റമില്ലാത്ത രക്തത്താൽ ഞങ്ങളെ വിലയ്ക്കു വാങ്ങുകയും ശിഷ്യനാൽ വില്ക്കപ്പെടുകയും ചെയ്തവനായ ദൈവമേ, ഞങ്ങളോടു കരുണയുണ്ടാകണമേ..**

**കുറിയേലായിസോൻ.**

**എന്റെ ദൈവമേ നീ എന്റെ ദൈവമാകുന്നു ... (പേജ് 49)**



@FIOK*.MOC.KTYM

## എനിയോനോ

1. തന്റെ തിരിവിഷ്ടത്താൽ കഷ്ടതകൾ സഹിക്കുകയും കഷ്ടതകളിൽനിന്ന് ഞങ്ങളുടെ സ്വഭാവത്തെ രക്ഷിക്കുകയും ചെയ്ത കഷ്ടതയില്ലാത്തവനായ മിശിഹാ തമ്പുരാനേ, നിന്റെ അടുക്കൽ ഞാൻ കുമ്പിടുന്നതുകൊണ്ട് എന്നോടു കരുണയുണ്ടാകണമേ.

2. തിരുവിഷ്ടത്താൽ താൻ സഹിച്ച കഷ്ടതകളാൽ മരണകഷ്ടതയിൽനിന്നും ഞങ്ങളെ രക്ഷിച്ചവനായി ജീവനുള്ളവനും കഷ്ടതകളിൽനിന്നുയർന്നിരിക്കുന്നവനുമായ മിശിഹാതമ്പുരാനേ, നിന്റെ അടുക്കൽ ഞാൻ കുമ്പിടുന്നതുകൊണ്ട് എന്നോടു കരുണയുണ്ടാകണമേ.

3. ഞങ്ങൾക്കുവേണ്ടി ന്യായസ്ഥലത്തേക്കു പ്രവേശിക്കുകയും പാപത്തിന്റെയും സാത്താന്റെയും ദാസ്യത്തിൽനിന്ന് ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തുകയും ചെയ്തവനായ ദൈവമേ, നിന്റെ അടുക്കൽ ഞാൻ കുമ്പിടുന്നതുകൊണ്ട് എന്നോടു കരുണയുണ്ടാകണമേ.

4. മനസ്സോടെ ജഡത്തിലനുഭവിച്ച മരണത്താൽ ആദാമിനെ മരണത്തിൽനിന്നും രക്ഷിച്ച മിശിഹാതമ്പുരാനേ, നിന്റെ അടുക്കൽ ഞാൻ കുമ്പിടുന്നതുകൊണ്ട് എന്നോടു കരുണയുണ്ടാകണമേ.

5. ആദാമിനുവേണ്ടി കഷ്ടതയും സ്ക്കീപ്പായും സഹിക്കുകയും ഞങ്ങളിൽനിന്ന് തർക്കങ്ങളെ നീക്കിക്കളകയും ചെയ്ത മിശിഹാതമ്പുരാനേ, നിന്റെ അടുക്കൽ ഞാൻ കുമ്പിടുന്നതുകൊണ്ട് എന്നോടു കരുണയുണ്ടാകണമേ. ബാറെക്മോർ.

6. പിതാവിനോടൊന്നിച്ച് ആദിമുതൽ സ്ഥിതി ചെയ്യുകയും തന്റെ താഴ്മയാൽ ഞങ്ങൾ രക്ഷപ്പെടുവാനായി ഞങ്ങൾക്കുവേണ്ടി മനസ്സോടെ കഷ്ടാനുഭവത്തിനായി വരികയും ചെയ്തവനായുള്ളോവേ, നിന്റെ അടുക്കൽ ഞാൻ കുമ്പിടുന്നതുകൊണ്ട് എന്നോടു കരുണയുണ്ടാകണമേ.

കുറിയേലായിസോൻ.

ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ ... (പേജ് 51)

## എനിയോനോ

1. ആദാമിനെ വീഴ്ചയിൽനിന്നും എഴുന്നേല്പിക്കാൻ ദൈവം താഴ്മയ്ക്കായി ഇറങ്ങി; യൂദന്മാരാകുന്ന ശപിക്കപ്പെട്ട ജനം തന്നെ കൊല്ലുവാൻ നിരൂപിച്ചു.

2. നമ്മുടെ കർത്താവു കഷ്ടാനുഭവത്തിനായി വരികയും അധർമ്മിക ളിൽനിന്നു പരിഹാസം ഏല്ക്കുകയും ചെയ്തു. തന്റെ മരണത്താൽ പാപ ത്തിന്റെ വഞ്ചനയിൽനിന്നു സൃഷ്ടികളെ രക്ഷിച്ചു.

3. നമുക്കുവേണ്ടി കഷ്ടം അനുഭവിക്കുകയും തന്റെ തിരുവിഷ്ടത്താൽ മരണം ആസ്വദിക്കുകയും തന്റെ മരണത്താലും സ്ക്കീപ്പായാലും വഴി തെറ്റിൽനിന്നു നമ്മെ സ്വാതന്ത്ര്യപ്പെടുത്തുകയും ചെയ്തവൻ വാഴ്ത്ത പ്പെട്ടവനാകുന്നു.

4. കർത്താവേ, നീ ഞങ്ങളുടെ സങ്കേതസ്ഥലവും ബലമേറിയ പ്രത്യാ ശയുമാകുന്നു. നിന്നിലും നിന്റെ ജീവകരമായ സ്ക്കീപ്പായിലും പ്രത്യാശി ക്കുന്നവർ ലജ്ജിക്കുന്നില്ല.

5. അന്യായക്കാരായ പ്രധാനാചാര്യന്മാർ യേശുതമ്പുരാനെതിരായി ശബ്ദം ഉയർത്തി. സപ്രേന്മാരും ന്യായപ്രമാണോപദേഷ്ടാക്കന്മാരും തന്നെ കൊല്ലുവാനായി നിരൂപിച്ചു.ബാറെക്മോർ.

6. കാരുണ്യവാനേ, നിന്റെ ദയയ്ക്കു സ്തുതി. നിന്റെ കഷ്ടാനുഭവ ത്താലും താഴ്മയാലും ആദാമിനെയും അവന്റെ മക്കളെയും പാപത്തിന്റെ അടിമയിൽനിന്നു നീ സ്വാതന്ത്ര്യപ്പെടുത്തി.കുറിയേലായിസോൻ

കർത്താവിന് ഒരു പുതിയ പാട്ടും ... (പേജ് 53)

## എനിയോനോ

1. ഇന്നേദിവസം സഭയേ! നീ എഴുന്നേറ്റു നിനക്കായി കഷ്ടമനുഭവി ക്കുകയും നിന്റെ മക്കളെ തെറ്റിൽനിന്നു രക്ഷിക്കുകയും ചെയ്ത ജീവ പുത്രനു സ്തുതിയും സ്തോത്രവും പാടുക.

2. ഇന്നേദിവസം ആചാര്യന്മാരും സപ്രേന്മാരും പ്രീശേന്മാരും ന്യായാ ധിപന്മാരും ന്യായാധിപന് മരണവിധി ശിക്ഷിപ്പാൻ നിരൂപിച്ചു.

3. ഇന്നേദിവസം ആകൽക്കറുസായെ ശിക്ഷിക്കുകയും നമ്മുടെ കഴു ത്തിൽനിന്നു അവന്റെ നുകത്തെ നീക്കിക്കളകയും ചെയ്തവനു കുറ്റക്കാർ അസൂയയാൽ ശിക്ഷ നിശ്ചയിച്ചു. ബാറെക്മോർ.

4. ഇന്നേദിവസം യൂദന്മാരായ മൂഢജനം അവരുടെ രക്ഷകനെ സ്വീക രിക്കായ്കയാൽ കുറ്റക്കാരാകുകയും ജാതികളുടെ ഇടയിൽ ചിതറിപ്പോ കയും ചെയ്തു.



@FIOK*.MOC.KTYM

## സങ്കീർത്തനങ്ങൾ

**കർത്താവേ, രക്ഷിക്കണമേ, എന്തെന്നാൽ നല്ലവൻ ഇല്ലാതെയായി. ഭൂമിയിൽനിന്നു വിശ്വാസവും നശിച്ചിരിക്കുന്നു.**

**മനുഷ്യർ വ്യർത്ഥത സംസാരിക്കുന്നു. മനുഷ്യൻ തന്റെ സ്നേഹിതനോടു ഭിന്ന അധരങ്ങളാലും ഹൃദയങ്ങളാലും സംസാരിക്കുന്നു.**

**കർത്താവു ഭിന്ന അധരങ്ങളെയും വമ്പു സംസാരിക്കുന്ന നാവുകളെയും നശിപ്പിക്കും.**

**എന്തെന്നാൽ ഞങ്ങളുടെ നാവു ശ്രേഷ്ഠപ്പെടുമെന്നും അധരങ്ങൾ ഞങ്ങളുടേതാകുന്നു എന്നും കർത്താവു ആരാകുന്നു എന്നും അവർ പറഞ്ഞു.**

**ദരിദ്രന്മാരെ കവർച്ചചെയ്യുന്നതും അഗതികൾ നെടുവീർപ്പിടുന്നതും നിമിത്തം ഞാൻ എഴുന്നേറ്റു പരസ്യമായി രക്ഷപ്രവർത്തിക്കും എന്നു കർത്താവു പറയുന്നു.**

**(ബാഹോനോ യൗമ്മാ ... എന്ന രീതി)**

**1. ഇന്നേദിവസം ശപിക്കപ്പെട്ട ജനം കുറ്റമില്ലാത്തവനെ മരണശിക്ഷയ്ക്കു വിധിപ്പാൻ കൂട്ടം കൂട്ടമായി വന്നു.**

**2. ഇന്നേദിവസം നമുക്കെല്ലാവർക്കുംവേണ്ടി ഒരുവൻ മരിക്കുന്നതു നല്ലതാകുന്നു എന്നു തന്റെ മരണത്തെക്കുറിച്ചു ജനത്തിന്റെ ആചാര്യന്മാർ രഹസ്യം ആലോചിച്ചു.**

**3. ഇന്നേദിവസം അശുദ്ധ ആചാര്യന്മാരായ ശപിക്കപ്പെട്ട ഹന്നാനും മൂഢനായ കയ്യാപ്പായും ഗൂഢാലോചന നടത്തി നമ്മുടെ കർത്താവിനെ വിധിച്ചു.**

**4. ഇന്നേദിവസം സ്കറിയോത്താ നമ്മുടെ രക്ഷകനെതിരായി വഞ്ചന സംസാരിച്ചു; സകലത്തിന്റെയും നാഥനെ ഒറ്റിക്കൊടുക്കുവാൻ അവർ പണമേല്പിക്കുകയും ചെയ്തു.**

**5. ഇന്നേദിവസം ശപിക്കപ്പെട്ട സർപ്പങ്ങൾ അവരെ പ്രകാശിപ്പിച്ച നീതിയുടെ സൂര്യനെ ശിക്ഷിക്കേണ്ടതിനു ആലോചിച്ചു. ബാറെക്മോർ.**

**6. ഇന്നേദിവസം ആകാശവും ഭൂമിയും അതിലുള്ള സർവ്വവും സ്വഗുരുവിനെ ഒറ്റിക്കൊടുത്ത വഞ്ചകനും കൊലപാതകനുമായ യൂദായ്ക്കു നേരുന്നു. ആമ്മീൻ.**

**പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി ... (പേജ് 56)**



DERIN@*.MOC.KTYM

ചൊവ്വാഴ്ച പ്രഭാതം

**ആകാശത്തിൽനിന്ന് കർത്താവിനെ സ്തുതിപ്പിൻ ... (പേജ് 40)**

*സ്തൗമെൻകാലോസ് കുറിയേലായിസോൻ.*

## പ്രുമിയോൻ

## കോലോ

**1. സാറാ അബ്രഹാമിനോട് പറഞ്ഞതെന്തെന്നാൽ/ എന്റെ ഏകജാതനെ നീ എവിടേക്കു കൂട്ടിക്കൊണ്ടുപോകുന്നുവെന്ന് വെളിവാക്കുക,/ എനിക്ക് അത് വിശദീകരിച്ചു തന്നതിനു ശേഷം/ അവനെ കൂട്ടിക്കൊണ്ടു പൊയ്ക്കൊൾക. അബ്രഹാം അവളോട്/ 'എനിക്കും എന്റെ കർത്താവിനും പൈതലിനും ഇടയിൽ ഒരു രഹസ്യമുണ്ട്. സമാധാനത്താലെ വസിച്ച്/ എനിക്കു വേണ്ടി പ്രാർത്ഥിക്കുക' എന്ന് പറഞ്ഞു. അവൾ അവനോട് സമാധാനത്താലെ നിങ്ങൾ പോകുവിൻ. കർത്താവ് നിന്റെ കാഴ്ചയെ കൈക്കൊള്ളട്ടെ' എന്ന് മറുപടി പറഞ്ഞു. ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**2. പൈതലായ ഇസഹാക്ക്/ അവനെ ദഹിപ്പിക്കുവാനുള്ള വിറക് ചുമന്നത്/ അവൻ നിർവ്വഹിച്ച വലിയ രഹസ്യം ആയിരുന്നു. അത് ഊർശ്ലേമിൽനിന്ന് പുറപ്പെട്ട്/ സ്കീപ്പാമരം ചുമന്നുകൊണ്ടുപോയ ദൈവപുത്രന്റെ സാദൃശ്യത്തെ ദൃഷ്ടാന്തപ്പെടുത്തി. ഞങ്ങളുടെമേൽ വാണ മത്സരക്കാരനിൽനിന്ന്/ തന്റെ സ്കീപ്പായാൽ ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. മൊറിയോ റാഹേം ...**

## എത്രോ

## വീണ്ടും കോലോ

**1. സൃഷ്ടിയിൽ വിറയലും സംഭ്രമവും നിറഞ്ഞ അത്ഭുതമുണ്ടായി. ദൈവം മനുഷ്യനായി തിരുവിഷ്ടത്താൽ സ്വയം വെറുമയാക്കി. തിരുകല്പനയാൽ നട്ട മുന്തിരിത്തോപ്പിൽ/ മഹത്വഫലങ്ങൾ അന്വേഷിച്ചതിനാൽ/ തന്നെ കൊല്ലുവാൻ യഹൂദന്മാരാകുന്ന അന്ധരായ മൂഢജനം ആഗ്രഹിച്ചു. അവർ തന്നെ നിന്ദിക്കുകയും അപമാനിക്കുകയും/ തനിക്കായി സ്കീപ്പാമരം ഒരുക്കുകയും ചെയ്തു. തന്റെ സർവ്വനന്മകൾക്കും പകരം/ തനിക്കു ദാഹമുണ്ടായപ്പോൾ/ കയ്പും ചൊറുക്കയും അവർ തനിക്കായി തയ്യാറാക്കി. ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**2. അന്യായക്കാർ ദൈവപുത്രന്/ നിന്ദയുടെ സ്കീപ്പാ ഒരുക്കി. ആ അസൂയക്കാർ/ തന്റെ ശ്രേഷ്ഠസൗന്ദര്യം കണ്ടിട്ട് സഹിച്ചില്ല. താൻ അവരുടെ വേദനകൾ സൗഖ്യമാക്കുകയും/ ഉപദേശത്താൽ രക്ഷയി**

**ലേക്ക് അവരെ വിളിക്കുകയും ചെയ്തു. അവർ കേട്ടിട്ട് പിറുപിറുക്കുകയും/ തന്നെ കൊല്ലുവാൻ ഒരുമിച്ചു കൂടുകയും ചെയ്തു. തന്റെ കൃപയ്ക്കു സ്തുതി. ഈറേന്മാർക്കു കാണുവാൻ കഴിയാത്തവൻ/ മനസ്സോടെ താഴ്മപ്പെട്ടതിനാൽ/ അശുദ്ധന്മാർ തന്നെ പിടിക്കുകയും/ അന്യായക്കാരനെപ്പോലെ പരിഹസിക്കുകയും ചെയ്തു.**

## ബോത്തേദ് ഹാശോ

**1. കർത്താവേ, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും ഞങ്ങളെ പ്രതിയുള്ള നിന്റെ താഴാഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.**

**2. നാഥന്റെ പീഡാനുഭവം കണ്ണിനുമുമ്പിൽ ചിത്രീകരിക്കുമെങ്കിൽ കഷ്ടതയോടും കരച്ചിലോടും കൂടെ കണ്ണുനീർ ഒഴുക്കാത്തവൻ ആരുള്ളൂ? തന്റെ മുഖം ഈറേന്മാർക്കു സംഭ്രമം നൽകവേ ശപിക്കപ്പെട്ട ജനം മരത്തിന്മേൽ തന്നെ തൂക്കി.**

**3. ഉത്തമനായ താൻ ദുഷ്ടന്മാർക്കു സ്വയം കീഴ്പ്പെടുത്തിയതിനാൽ ദുഷ്ടനെയെന്നവണ്ണം തന്നെ പിടിച്ചു കുറ്റംകൂടാതെ മരണത്തിനു ഏല്പിച്ചു. രോമം കത്രിക്കുന്നവന്റെ മുമ്പാകെ പെണ്ണാടുപോലെ താൻ മൗനമായി നിന്നു.**

**4. വീണുപോയ ഞങ്ങളുടെ വർഗ്ഗത്തെ തന്റെ കഷ്ടാനുഭവം മൂലം കരുണയാൽ സ്വാതന്ത്ര്യപ്പെടുത്തിയ തനിക്കുസ്തുതി. തന്റെ താഴ്മയാൽ ഇവയെല്ലാം താൻ സഹിച്ചു. അദൃശ്യനായ തന്റെ പിതാവിനു സകല വന്ദനവും തന്റെ പരിശുദ്ധ റൂഹായ്ക്കു പുകഴ്ചയും ഉണ്ടായിരിക്കട്ടെ.**

**5. കർത്താവേ, നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടൊന്നിച്ചു ന്യായവിധിക്കായി നീ പ്രവേശിക്കരുതെ**

## മാർ യാക്കോബിന്റെ ബോവൂസാ

**1. കഷ്ടാനുഭവത്തിനും മരണത്തിനും സ്ക്കീപ്പൂസായ്ക്കുമായി എഴുന്നെള്ളിയ മിശിഹാതമ്പുരാനേ, ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളുടെമേൽ കരുണ ചെയ്യണമേ. ദേവാ ദയയുണ്ടാകേണം...**

**2. നല്ലവനായിരുന്നപ്പോൾ കൂട്ടുകാരോടൊന്നിച്ചു സുവിശേഷത്തിലേക്കു മറ്റുള്ളവരെ വിളിച്ചവൻ, ദ്വേഷിതനായിത്തീർന്നപ്പോൾ ക്രൂശകരോടൊന്നിച്ചു ചേർന്നു. മനുഷ്യർ നല്ലവരായിരിക്കുമ്പോൾ പിതാവ് അവരെ നിരസിക്കുന്നില്ല. ശ്ലേമൂൻ നല്ലവനായിരുന്നപ്പോൾ അവന്റെ ബലിയിന്മേൽ അഗ്നി ഇറങ്ങി അവന്റെ പ്രാർത്ഥനയ്ക്കു ഉത്തരമരുളി. എന്നാൽ അവൻ വിഗ്രഹാരാധനക്കാരനായപ്പോൾ തന്റെ സന്നിധിയിൽനിന്നും അവനെ മാറ്റിക്കളഞ്ഞു. ദേവാ ദയയുണ്ടാകേണം...**

3. ദൈവപുത്രൻ ആദാമിനു പകരം കുറ്റക്കാരനെപ്പോലെ ലജ്ജയും തുപ്പലും സ്വീകരിച്ചു. പീഡയില്ലാത്തവനായുള്ളോവേ, കഷ്ടതയനുഭവിക്കുന്നവരിൽനിന്നു നിനക്കു സ്തുതി. എന്തെന്നാൽ നീ അവരെ സ്നേഹിക്കുകയും അവർക്കുവേണ്ടി കഷ്ടതകൾ സഹിക്കുകയും ചെയ്തു. നിന്റെ സ്ക്കീപ്പൂസായിൽ നിന്റെ മഹത്വം വർദ്ധിപ്പിച്ച പിതാവും, സ്തുതിക്കുന്നവരുടെ സ്തുതിയെ കൈക്കൊള്ളുന്ന വിശുദ്ധ റൂഹായും പുകഴ്ത്തപ്പെടുന്നു. ദേവാ ദയയുണ്ടാകേണം...

4. കർത്താവേ, നിന്റെ കഷ്ടാനുഭവത്തിൽ ആകാശവും ഭൂമിയും കഷ്ടത ധരിച്ചു. നീ എത്രയും താഴ്ത്തപ്പെട്ടതിനാൽ ഈറേന്മാരും മനുഷ്യരും അത്ഭുതപ്പെടുകയും ചെയ്തു.ദേവാ ദയയുണ്ടാകേണം......

## വായനകൾ

ആവർത്ത : 31 : 16–20, 1. വി. യോഹന്നാൻ 1:1–9

സെഫന്യാവ് : 1:11–18, എബ്രായ : 2:5–18

ഏശായ : 55: 4–11

## ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ–ഹാ–വായ്കളെ അവരാകാശത്തിൽ വച്ചു

നാവുകളൂഴിയിലൂടാടി. ഹാലേലുയ്യാ.

വി. യോഹന്നാൻ 8:28–59

കർത്താവിനെ സ്തോത്രം ചെയ്യുന്നതും ... (പേജ് 60)

## കൗമാ

ഹാശാ–യാൽ ക–ഷ്ടതയേറ്റ സഭ–മോദിക്കുമുത്ഥാനേ

തൽപ്രജകൾ നി–ന്നിൽ നിന്നേൽക്കും പു–ണ്യം രക്ഷകനേ

(മൂന്നു പ്രാവശ്യം)

നാഥാ! തേ സ്തുതിയും ...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...



@FIOK*.MOC.KTYM

# ചൊവ്വാഴ്ച മൂന്നാം മണി

## കൗമാ

**ബ്രിക്മൂക്കോക്കോക് ദഹലോപ്പൈൻ**

**ഹാശായാൽ ക-ഷ്ടതയേറ്റ സഭ-മോദിക്കുമുത്ഥാനേ**

**തൽപ്രജകൾ നി-ന്നിൽ നിന്നേൽക്കും പുണ്യം രക്ഷകനേ**

**(മൂന്നു പ്രാവശ്യം)**

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**

**ദൈവമേ! നിന്റെ കൃപ പോലെ ... (പേജ് 2)**

## എനിയോനോ

1. നമ്മുടെ കർത്താവു തന്റെ സൃഷ്ടിയെ സന്ദർശിപ്പാനായി വരികയും ശപിക്കപ്പെട്ട ജനം തനിക്കെതിരായി ബഹളം ഉണ്ടാക്കുകയും ചെയ്തു. ദൈവമേ, ഞങ്ങളോടു കരുണയുണ്ടാകണമേ.

2. അത്യുന്നതങ്ങളിൽ ഈറേന്മാർ ശുശ്രൂഷിക്കവെ അണലിക്കുട്ടികൾ മരണത്തിനായി തന്നെ വിധിച്ചു എന്ന ദൈവമേ ഞങ്ങളോടു കരുണ ചെയ്യണമേ.

3. പ്രകൃത്യാ കഷ്ടതയിൽനിന്നുയർന്നിരിക്കെ നിന്ദയുടെ മരണം ഞങ്ങൾക്കായി സഹിച്ച ദൈവമേ, ഞങ്ങളോടു കരുണയുണ്ടാകണമേ.

4. തന്റെ വചനത്താൽ സൂര്യനേയും ചന്ദ്രനേയും നിർമ്മിച്ചവനായിരിക്കെ അശുദ്ധന്മാരിൽനിന്നു തുപ്പലും പരിഹാസവും സ്വീകരിച്ചവനായ ദൈവമേ, ഞങ്ങളോടു കരുണയുണ്ടാകണമേ. ബാറെക്മോർ.

5. സ്രോപ്പേന്മാർ ഭയത്തോടെ തന്നെ ശുദ്ധീകരിക്കവെ മൂഢജനം തനിക്കെതിരായി വഞ്ചന ആലോചിച്ചു എന്ന ദൈവമേ ഞങ്ങളോടു കരുണയുണ്ടാകണമേ.

**സ്തൗമെൻകാലോസ് കുറിയേലായിസോൻ.**

## പ്രുമിയോൻ

ചൊവ്വാഴ്ച മൂന്നാം മണി

## കോലോ

1. ശപിക്കപ്പെട്ട യൂദജനം/ സകലത്തിന്റെയും നാഥനെതിരായി വഞ്ചന വിചാരിക്കുകയും/ സ്ക്കറിയോത്തായ്ക്കു നൽകുവാൻ/ അസൂയ പൂണ്ട് ദ്രവ്യം തയ്യാറാക്കുകയും ചെയ്തു. ജീവന്റെ തലവനെ അവൻ അവർക്ക് ഏല്പിച്ചു കൊടുക്കുകയും/ അഹങ്കാരികൾ തന്നെ പരിഹസിക്കുകയും/ തന്റെ രക്തം അവർ ചിന്തുകയും/ അതിനാൽ സർവ്വലോകത്തെയും താൻ പുണ്യപ്പെടുത്തുകയും ചെയ്തു. ബാറെക്മോർ. ശുബഹോ ... മെനഓലം...

2. ശക്തികളും അടയാളങ്ങളും പ്രവർത്തിക്കുകയും/ തങ്ങളുടെ വേദനകൾ സൗഖ്യപ്പെടുത്തുകയും/ തളർന്നവരെ എഴുന്നേല്പിച്ചു സ്ഥിരപ്പെടുത്തുകയും ചെയ്ത മിശിഹാ തമ്പുരാനെ/ അസൂയക്കാർ കണ്ടിട്ട്/ നിന്ദയും പരിഹാസവും/ ആക്ഷേപവുമായ തിന്മകൾ തനിക്ക് അവർ പ്രതിപകരമായി നൽകി. ഞങ്ങൾക്കുവേണ്ടി ഇത്രത്തോളം സഹിച്ചതായ/ തന്റെ കരുണയ്ക്കു സ്തുതി. മൊറിയോ റാഹേം.....

## എത്രോ

## വീണ്ടും കോലോ

1. പരമാർത്ഥിയും കുഞ്ഞാടിനു സദൃശ്യനുമായിരുന്ന ഹാബേൽ/ വെളിംപ്രദേശത്തേക്കിറങ്ങിയപ്പോൾ/ മലകളും കുന്നുകളും കരഞ്ഞു. കണ്ണുനീരോടും പ്രലാപത്തോടുംകൂടെ/ അവൻ സഹോദരനോട് കേണപേക്ഷിച്ചതെന്തെന്നാൽ/ ഭൂതലം നിനക്കു നൽകപ്പെട്ടിരിക്കുന്നു. എന്നെ കൊല്ലുക മാത്രം അരുത്. നീ അതിൽ അവകാശിയായിരുന്നു കൊൾക. എന്റെ രക്തത്തെ ഭൂമിയിൽ നീ ചിന്തരുത്. എന്റെ സഹോദരാ/ ഉയരത്തിലും ആഴത്തിലും സൂക്ഷിച്ചു നോക്കുന്ന ദൈവമുണ്ടെന്ന് ഓർത്തുകൊൾക. തന്റെ കൈകൾ മെനഞ്ഞ/ ഭംഗിയേറിയ സ്വരൂപത്തെ നീ നശിപ്പിക്കരുത്.

ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. സർവ്വ സൃഷ്ടികളുടെയും ഉടയവൻ/ പെരുന്നാളിൽ വന്ന് അനുതപിക്കുന്ന പാപികൾക്ക്/ സഹായങ്ങൾ നൽകുകയും/ തന്റെ വിശുദ്ധവചനത്താൽ/ രോഗികൾക്ക് സൗഖ്യം നൽകുകയും ചെയ്തു. തന്നെ വിലയ്ക്കു വാങ്ങി പിടിച്ചുകൊണ്ടുപോകുവാനും/ മരത്തിന്മേൽ തൂക്കുവാനുമായി യൂദന്മാരായ ശപിക്കപ്പെട്ട ജനം നിരൂപിച്ചു. "അവർ നന്മക്കു പകരം തിന്മ എനിക്കു പ്രതിഫലമായി നൽകി. എന്റെ കഷ്ടതയിൽ അവർ ഒരുമിച്ചു കൂടി സന്തോഷിച്ചു" എന്നുള്ള/ ദീർഘദർശിയുടെ വചനം നിവൃത്തിയായി.

## ബോത്തേദ് ഹാശോ

1. കർത്താവേ, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും ഞങ്ങളെപ്രതിയുള്ള നിന്റെ താഴാഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

2. നാലു ജീവികളുള്ള രഥത്തേയും അതിൽ പൂട്ടപ്പെട്ടിരിക്കുന്ന അഗ്നിചക്രങ്ങളെയും അഗ്നിമയന്മാരുടെ കൂട്ടങ്ങളേയും ആത്മമയന്മാരുടെ സംഘങ്ങളേയും വെടിഞ്ഞു താൻ മനുഷ്യർക്കുവേണ്ടി താഴ്മ ധരിച്ചു. തന്റെ പീഡാനുഭവത്താൽ അവരെ രക്ഷിച്ചു.

3. തന്റെ കഷ്ടതയാൽ നമ്മുടെ കഷ്ടതകളെ മായിപ്പാനും തന്റെ ജനത്തെ പീഡകരിൽനിന്നു രക്ഷിപ്പാനുമായി പൂർണ്ണ മനസ്സോടെ മനുഷ്യനായി. യേശുതമ്പുരാന്റെ കഷ്ടാനുഭവം ജീവനെ നല്കുകയും അതുമൂലം മനുഷ്യവർഗ്ഗം സ്വാതന്ത്ര്യപ്പെടുകയും ചെയ്തു.

4. ഉത്തമ ഇടയനായുള്ളോവേ, നിർമ്മല സ്തുതിയും സ്തോത്രവും ഉന്നതശബ്ദത്തോടെ നിനക്ക് അർപ്പിക്കുമാറാകണമേ. ഞങ്ങൾക്കുവേണ്ടി നീ കഷ്ടത അനുഭവിക്കുകയും നിന്റെ കഷ്ടാനുഭവത്താൽ ഞങ്ങളുടെ മരണാവസ്ഥ ജീവിക്കുകയും ചെയ്തതിനാൽ നിന്റെ പിതാവിനോടും പരിശുദ്ധ റൂഹായോടും കൂടെ നീ വന്ദിക്കപ്പെട്ടവനാകുന്നു.

5. കർത്താവേ, നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടൊന്നിച്ച് ന്യായവിധിക്കായി നീ പ്രവേശിക്കരുതെ.മൊറിയോ റാഹേം ...

## മാർ അപ്രേമിന്റെ ബോവൂസാ

1. കർത്താവേ! ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വലിയ കഷ്ടാനുഭവം മൂലം ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്താൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളുമായിത്തീരണമേ. ദേവാ ദയയുണ്ടാകേണം...

2. “അതിന്റെ വളർച്ചയ്ക്കാവശ്യമുള്ള എല്ലാ കാര്യങ്ങളും അതിനു തികച്ചുകൊടുത്തിട്ടും ഇപ്പോൾ മുന്തിരിപ്പഴങ്ങൾക്കുപകരം കാട്ടുമുന്തിരിങ്ങാകളും രസമുള്ള വീഞ്ഞിനുപകരം കൈപ്പും കാടിയും എനിക്കു നീട്ടിത്തന്നതെന്ത്? ഇവയെല്ലാം ഞാൻ അവർക്കു ചെയ്തിട്ടും നന്മയ്ക്കുപകരം തിന്മ എന്നോട് അവർ പ്രതിപകരം ചെയ്തു.”ദേവാ ദയയുണ്ടാകേണം...

3. അശുദ്ധന്മാരിൽ നിന്നു സ്തുതി പ്രാപിച്ച കഷ്ടതയില്ലാത്തവനായുള്ളോവേ, നിനക്കു സ്തുതി. ഞങ്ങൾക്കുവേണ്ടി സ്ലീബാ സഹിക്കുകയും സ്വർഗ്ഗരാജ്യം ഞങ്ങളെ അവകാശിപ്പിക്കുകയും നിന്നെ തള്ളിപ്പറഞ്ഞ ജനത്തെ നിരസിക്കുകയും ചെയ്തവനായുള്ളോവേ, നിന്റെ സത്യസ്നേഹത്തിനു സ്തുതി. നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധ റൂഹായെയും ഞങ്ങൾ സ്തോത്രം ചെയ്തു മഹത്വപ്പെടുത്തുമാറാകണമേ.ദേവാ....

**4. കർത്താവേ, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വലിയ കഷ്ടാനുഭവം മൂലം ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളുമായിത്തീരണമേ.**
**ദേവാ ദയയുണ്ടാകേണം...**

**ഏവൻഗേലിയോൻ**

**വി. യോഹന്നാൻ 7:45-52, 8:12-20**

**കൗമാ**

**ഹാശായാൽ ക-ഷ്ടതയേറ്റ സഭ-മോദിക്കുമുത്ഥാനേ**
**തൽപ്രജകൾ നി-ന്നിൽ നിന്നേൽക്കും പുണ്യം രക്ഷകനേ**
**നാഥാ! തേ സ്തുതിയും മാനം ...**
**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**

# ചൊവ്വാഴ്ച ആറാം മണി

**കൗമാ**

**ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ**
**ഹാശായാൽ ക-ഷ്ടതയേറ്റ സഭ-മോദിക്കുമുത്ഥാനേ**
**തൽപ്രജകൾനി-ന്നിൽ നിന്നേൽക്കും പുണ്യം രക്ഷകനേ**
**(മൂന്നു പ്രാവശ്യം)**
**നാഥാ! തേ സ്തുതിയും മാനം ...**
**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**
**ദൈവമേ! നിന്റെ കൃപ പോലെ ... (പേജ് 2)**

**എനിയോനോ**

**1. മരണമുള്ള ഞങ്ങളുടെ വർഗ്ഗത്തിനുവേണ്ടി ന്യായസ്ഥലത്തേക്കു പ്രവേശിക്കുകയും ക്രൂശകരാൽ പരിഹസിക്കപ്പെടുകയും ചെയ്ത മിശിഹാ തമ്പുരാനേ, നിന്റെ അടുക്കൽ ഞാൻ കുമ്പിടുന്നതുകൊണ്ട് എന്നോടു കരുണ യുണ്ടാകണമേ.**

**2. അത്യുന്നതങ്ങളിൽ ഈറേന്മാർ തന്റെ ബഹുമതിയെ ശുശ്രൂഷിക്കവെ ഞങ്ങളെ രക്ഷിപ്പാൻ കഷ്ടാനുഭവത്തിനായി വന്ന മിശിഹാതമ്പുരാനേ, നിന്റെ അടുക്കൽ ഞാൻ കുമ്പിടുന്നതുകൊണ്ട് എന്നോടു കരുണയു ണ്ടാകണമേ.**



@FIOK*.MOC.KTYM

**3. ആകാശത്തെ പന്തൽപോലെ വിരിച്ചവനായിരിക്കെ മനുഷ്യനെപ്പോലെ കഷ്ടതകൾ സഹിച്ച ഞങ്ങളുടെ മിശിഹാതമ്പുരാനേ, നിന്റെ അടുക്കൽ ഞാൻ കുമ്പിടുന്നതുകൊണ്ട് എന്നോടു കരുണയുണ്ടാകണമേ. ബാറെക്മോർ.**

**4. ഭൂമിയെ വെള്ളത്തിന്മേൽ സ്ഥിരപ്പെടുത്തി ഉറപ്പിച്ചവനും അശുദ്ധന്മാരിൽനിന്നും തുപ്പലേറ്റവനുമായ ഞങ്ങളുടെ ദൈവമായ മിശിഹാതമ്പുരാനേ, നിന്റെ അടുക്കൽ ഞാൻ കുമ്പിടുന്നതുകൊണ്ട് എന്നോടു കരുണയുണ്ടാകണമേ. ബാറെക്മോർ.**

**5. തന്റെ സഭയ്ക്കുവേണ്ടി കഷ്ടതയും സ്ക്കീപ്പായും സഹിക്കുകയും അതിൽനിന്നു തർക്കങ്ങളെ നീക്കിക്കളയുകയും ചെയ്ത ഞങ്ങളുടെ മിശിഹാതമ്പുരാനേ, നിന്റെ അടുക്കൽ ഞാൻ കുമ്പിടുന്നതുകൊണ്ട് എന്നോടു കരുണയുണ്ടാകണമേ.**

**സ്തൗമെൻകാലോസ് കുറിയേലായിസോൻ.**

## പ്രുമിയോൻ

## കോലോ

**1. വനത്തിൽവച്ച് മന്നാ നൽകുകയും/ പാറയിൽനിന്ന് വെള്ളം പുറപ്പെടുവിക്കുകയും/ പാളയത്തിലെ സംഘത്തിൻ മദ്ധ്യത്തിൽ രൂപീകരിച്ച സർപ്പത്താൽ/ ജീവൻ നൽകുകയും ചെയ്ത തന്നെ/ അവർ സ്കീപ്പായിലെ മരണത്തിനായി അസൂയയോടെ വിധിച്ചു. ബാറെക്മോർ. ശുബഹോ ... മെനഓലം ...**

**2. ആകൽക്കറുസായുടെ അടിമത്തം/ അവർക്കു സന്തോഷമായിരുന്നു. രക്ഷകൻ വന്നപ്പോൾ/ അവർ അധികാരത്തോടെ തന്നോടു പെരുമാറുകയും,/ ദുഷ്ടനെയും മരണയോഗ്യനെയുംപോലെ അസൂയയോടെ തന്നെ ദണ്ഡിപ്പിക്കുകയും ചെയ്തു. മൊറിയോ റാഹേം ...**

## വീണ്ടും കോലോ

**1. പുത്രന്റെ മരണത്തെക്കുറിച്ചുള്ള ഈ രഹസ്യം/ ഗൂഢമായി കാക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ ജനനത്താൽ താൻ സകലത്തെയും സാദൃശ്യപ്പെടുത്തി. തന്റെ കൃപ/ വിഗ്രഹാരാധനയിൽനിന്ന് സകല ജാതികളെയും വിടുവിച്ചു രക്ഷിച്ചു. പാപത്തിൽ വീണുപോയ നമ്മുടെ വർഗ്ഗം/ തന്റെ താഴ്മയാൽ ഉന്നതി പ്രാപിച്ചു.ബാറെക്മോർ. ശുബഹോ ... മെനഓലം ...**

2. ശെമഓന്റെ വായിൽനിന്ന് അബദ്ധകാര്യങ്ങൾ പുറപ്പെട്ടു. കർത്താവേ സ്കീപ്പായിൽ നീ മരണം ആസ്വദിക്കുവാൻ/ ഒരിക്കലും ഇടയാകരുതേ എന്ന് അവൻ പറഞ്ഞു. എന്നാൽ ഇക്കാര്യത്തിൽ അവൻ പ്രതികൂലിയാകുന്നുവെന്ന്/ കർത്താവ് അവനെ മനസ്സിലാക്കി. തന്നെ വഞ്ചിക്കുവാൻ ആഗ്രഹിച്ച അബദ്ധത്തെ താൻ കീഴടക്കുകയും ചെയ്തു. അവന്റെ വഞ്ചനയെ പരസ്യമാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

## ബോത്തേദ്ഹാശോ

1. കർത്താവേ, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും ഞങ്ങളെ പ്രതിയുള്ള നിന്റെ താഴാഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

2. അബ്രഹാമിന്റെ കുറ്റിയിലെ വാഴ്ത്തപ്പെട്ട മുളകളായ പുണ്യവാനായ യാക്കോബും നീതിമാനായ യൗസേപ്പും അവരുടെ നടപടികളാൽ ദൈവപുത്രനെ ചിത്രീകരിച്ചിരിക്കുന്നു. എന്നാൽ അവരുടെ പിന്നാലെ എഴുന്നേറ്റ ശപിക്കപ്പെട്ട അവകാശികൾ ഗോഗുൽത്താമേൽ തന്നെ ക്രൂശിച്ചു.

3. ഹവ്വായുടെ കടം വീട്ടുവാൻ മനസ്സോടെ ന്യായസ്ഥലത്തു നിന്ന ജയാളിയായവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കുഞ്ഞാടിനെപ്പോലെ താൻ കൊലയ്ക്കായി കൂട്ടിക്കൊണ്ടുപോകപ്പെടുകയും അന്യായക്കാരാൽ വധിക്കപ്പെടുകയും ചെയ്തു.

4. കർത്താവേ, നിന്റെ ഇടവകയിൽനിന്നു എല്ലാ വന്ദനവും മഹത്വവും പുകഴ്ചയും വാഴ്വുകളും കീർത്തനങ്ങളും ഉന്നതിയും നിനക്കു കരേറ്റുമാറാകണമേ.

5. കർത്താവേ, നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടൊന്നിച്ചു ന്യായവിധിക്കായി നീ പ്രവേശിക്കരുതെ. മൊറിയോ റാഹേം ...

## മാർ അപ്രേമിന്റെ ബോവൂസാ

1. കർത്താവേ, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വലിയ കഷ്ടാനുഭവം മൂലം ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളുമായിത്തീരണമേ. ദേവാ ദയയുണ്ടാകേണം...

2. കാരുണ്യവാനേ, നിന്റെ ജനത്തിനു നിന്നെത്തന്നെ ഏല്പിച്ചുകൊടുക്കുവാൻ തക്കവണ്ണം നീ അവരെ എത്രയും സ്നേഹിച്ചു. അതിനെ അതിന്റെ പൂർവ്വിക സ്ഥലത്തേക്കു തിരിപ്പിക്കേണ്ടതിനായി കഷ്ടതയും സ്ക്കീപ്പായും സഹിക്കുകയും നിത്യജീവൻ അതിനു നല്കുകയും ചെയ്തു.ദേവാ...

**3. കഷ്ടതയേറ്റു വഞ്ചനയിൽനിന്നു ഞങ്ങളെ രക്ഷിച്ച മിശിഹാരാജാവേ, നിനക്കു സ്തുതി. ഞങ്ങളെ ജീവിപ്പിക്കേണ്ടതിനായി ഞങ്ങൾക്കുവേണ്ടി മരണത്തിനു നിന്നെ ഏല്പിച്ച നിന്റെ ജനകനും വാഴ്ത്തപ്പെട്ടവനാകുന്നു. ആശ്വാസപ്രദനായ പരിശുദ്ധ റൂഹായ്ക്കും സ്തോത്രം ഉണ്ടായിരിക്കട്ടെ. ദേവാ ദയയുണ്ടാകേണം...**

**4. കർത്താവേ, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വലിയ കഷ്ടാനുഭവം മൂലം ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളുമായിത്തീരണമേ. ദേവാ ദയയുണ്ടാകേണം...**

### ഏവൻഗേലിയോൻ

**വി. ലൂക്കോസ് 11: 37–54**

### കൗമാ

**ഹാശായാൽ ക–ഷ്ടതയേറ്റ സഭ–മോദിക്കുമുത്ഥാനേ**
**തൽപ്രജകൾ നി–ന്നിൽ നിന്നേൽക്കും പുണ്യം രക്ഷകനേ**
**(മൂന്നു പ്രാവശ്യം)**
**നാഥാ! തേ സ്തുതിയും മാനം ...**
**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**

# ചൊവ്വാഴ്ച ഒമ്പതാം മണി

### കൗമാ

**ബ്രിക്മൂക്കോക്കോക് ദഹലോപ്പെൻ**
**ഹാശായാൽ ക–ഷ്ടതയേറ്റ സഭ–മോദിക്കുമുത്ഥാനേ**
**തൽപ്രജകൾ നി–ന്നിൽ നിന്നേൽക്കും പുണ്യം രക്ഷകനേ**
**(മൂന്നു പ്രാവശ്യം)**
**നാഥാ! തേ സ്തുതിയും ...**
**സ്വർഗഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ...**
**ദൈവമേ! നിന്റെ കൃപ പോലെ ... (പേജ് 2)**



DERIN@*.MOC.KTYM

## എനിയോനോ

1. മിസ്രേമിൽനിന്നും ശക്തിയോടും ഇളക്കത്തോടുംകൂടി പുറപ്പെട്ട മുന്തിരിവള്ളി അതിന്റെ നാഥനു പരിഹാസം പ്രതിഫലമായി നല്കി.

2. അബ്രഹാമേ! നീ വരിക. നിന്റെ മകൾ അവളുടെ രക്ഷകനു നിന്ദയും ആക്ഷേപവും പരിഹാസവും പ്രതികാരം ചെയ്യുന്നതു കാണുക.

3. യാക്കോബേ! നീ വരിക. കർത്താവും രക്ഷിതാവുമായവനു നിന്ദയും സ്ക്കീപ്പായും പ്രതിഫലമായി നല്കിയ മുന്തിരിത്തോപ്പിനെ ക്കുറിച്ചു കരയുക.

4. കാട്ടുമുന്തിരിങ്ങാ കായിച്ച മുന്തിരിത്തോട്ടത്തെ ചവിട്ടുവാൻ ഇടയാക്കുകയും അതിനു പകരം സഭയെ നട്ടുണ്ടാക്കുകയും ചെയ്തവൻ താഴ്ത്തപ്പെട്ടവനാകുന്നു. ബാറെക്മോർ.

5. സകലത്തിന്റെയും രാജാവും നാഥനുമായുള്ളോവേ! നിനക്കു മഹത്വത്തിന്റെ ഫലങ്ങൾ സമർപ്പിപ്പാൻ ഞങ്ങൾക്കു ശക്തിയും സഹായവും നല്കണമേ.സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## പ്രുമിയോൻ

## കോലോ

1. നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കുമെന്ന്/ നമ്മുടെ രക്ഷകൻ തന്റെ ശിഷ്യന്മാരോട് അരുളിച്ചെയ്തപ്പോൾ/ ഹൃദയദുഃഖവും വിലാപവും പൂണ്ട്/ അവർ തമ്മിൽ പറഞ്ഞതെന്തെന്നാൽ/ "നമ്മുടെ ഇടയിൽ വഞ്ചനയോടെ പതിയിരുന്ന്/ നമ്മോട് പോരാടുന്നവനായി/ പ്രാക്കളുടെ കൂട്ടത്തിലെ സർപ്പം ആരാകുന്നു."ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. നമ്മുടെ രക്ഷയെപ്രതി/ തന്റെ ശ്രേഷ്ഠതയെ താഴ്ത്തിയ/ ദൈവത്തിന്റെ താഴ്മയെക്കുറിച്ച് വർണ്ണിപ്പാൻ കഴിവുള്ളവനും ആരുള്ളൂ? താൻ സ്വർഗ്ഗീയരുടെ സ്തുതിയെ വെടിഞ്ഞ്/ മത്സരികളുടെ നിന്ദയെ സ്വീകരിച്ചു. തന്റെ പീഡാനുഭവങ്ങളാൽ നമ്മെ രക്ഷിച്ചവനു സ്തുതി. മൊറിയോ

## എത്രോ

## വീണ്ടും കോലോ

1. സൃഷ്ടികളുടെ നാനാഭാഗത്തേക്കും അവരെ ചിതറിക്കുകയും/ അവർ ജാതികൾക്ക് നിന്ദാവിഷയമായിത്തീരുകയും ചെയ്തു. അവർക്കായി നരകം സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ബാറെക്മോർ. ശുബഹോ ... മെനഓലം ...

2. ജനമൊക്കെയും നശിക്കാതിരിക്കേണ്ടതിന്/ ഒരുവൻ മരിക്കുന്നത് നല്ലതാകുന്നു എന്ന്/ കയ്യാപ്പാ സത്യമായി ദീർഘദർശനം പറഞ്ഞു.



@FIOK*.MOC.KTYM

## ബോത്തേദ്ഹാശോ

1. കർത്താവേ, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ കഷ്ടാനുഭവവും ഞങ്ങളെപ്രതിയുള്ള നിന്റെ താഴാഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

2. ദൈവപുത്രന്റെ വധം മോശ വിവിധ ദൃഷ്ടാന്തങ്ങളാൽ സൂചിപ്പിച്ചിരുന്നു. ദുഷ്ടമനുഷ്യർ ആയുധധാരികളായി മരത്തിന്മേൽ തന്റെ രക്തം ചിന്തുകയും അവർ അങ്ങനെ ശപിക്കപ്പെട്ട കായേന്റെ ദുരിതം അവകാശിക്കുകയും ചെയ്തു.

3. സ്വന്തതേജസ്സിൽ അല്പമെങ്കിലും താൻ പ്രകാശിപ്പിച്ചിരുന്നെങ്കിൽ തന്നെ ആരായുവാൻ ആരും തുനിയുമായിരുന്നു? ജഡത്തിൽ തന്റെ പ്രഭയെ താൻ ഗോപനം ചെയ്തതുകൊണ്ടു തന്നിൽ സൂക്ഷിച്ചു നോക്കുവാൻ അന്ധരായ സപ്രേന്മാരും കുരുടരായ പുരോഹിതന്മാരും തുനിഞ്ഞു.

4. നിന്റെ ആംഗ്യത്താൽ സൃഷ്ടിച്ചിട്ടുള്ള എല്ലാ വായ്കളിൽനിന്നും നിനക്കു സ്തുതി യോഗ്യമാകുന്നു. ആകാശവും ഭൂമിയും നിന്റെ സ്വരൂപമായ ആദാമും നീ മുഖാന്തരം പുതുക്കം പ്രാപിച്ചതിനാൽ നിന്നെയും നിന്റെ ജനകനോടൊന്നിച്ചു നിന്റെ പരിശുദ്ധ റൂഹായേയും സ്തുതിക്കുകയും ചെയ്യും.

5. കർത്താവേ, നിന്നെ വിധിച്ച ജനത്തെ നീ വിധിക്കുമ്പോൾ ഞങ്ങളോടൊന്നിച്ച് ന്യായവിധിക്കായി നീ പ്രവേശിക്കരുതെ.മൊറിയോ ...

## മാർ അപ്രേമിന്റെ ബോവൂസാ

1. കർത്താവേ, ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വലിയ കഷ്ടാനുഭവം മൂലം ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളുമായിത്തീരണമേ. ദേവാ ദയയുണ്ടാകേണം...

2. നമ്മുടെ രക്ഷകൻ അത്തിയോടു യഹൂദജനത്തെ ഉപമിക്കുകയും അത്തിപോലെ അതു വരണ്ടു പോകുകയും ചെയ്തു. അത്തിയിൽനിന്നും ഫലം കിട്ടാത്ത മേടമാസത്തിൽ തനിക്കു വിശപ്പുണ്ടായതു ഫലത്തിനായിട്ടല്ല, എന്നാലോ അതിനെ ദൃഷ്ടാന്തമായിട്ടു കാണിക്കുവാനായിരുന്നു.
ദേവാ ദയയുണ്ടാകേണം...

3. കർത്താവേ! വിശ്വാസത്തോടെ നിന്നെ കൈക്കൊണ്ട സഭയിൽനിന്നു നിനക്കു സ്തുതി. നിനക്കും ഞങ്ങളുടെ രക്ഷയ്ക്കായി നിന്നെ കല്പിച്ചയച്ച അദൃശ്യനായ നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും മഹത്വം.ദേവാ ദയയുണ്ടാകേണം...

**4. ഞങ്ങളുടെ കർത്താവേ ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വലിയ കഷ്ടാനുഭവം മൂലം ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുന്നവരും നിന്റെ രാജ്യത്തിൽ അവകാശികളുമായിത്തീരണമേ. ദേവാ ദയയുണ്ടാകേണം...**

## ഏവൻഗേലിയോൻ

**(പെസ്ഗോമോ)**

**ഹാ-ഹാ-നൽകി നന്മയ്ക്കവർ പകരം തിന്മ**

**നന്മയെ ഞാനർത്ഥിച്ചതിനാലവരെന്നെ ദ്വേഷിച്ചു. ഹാ-**

**വി. യോഹന്നാൻ 6: 30, 8: 21-30**

## കൗമാ

**ഹാശായാൽ ക-ഷ്ടതയേറ്റ സഭ-മോദിക്കുമുത്ഥാനേ**

**തൽപ്രജകൾ നി-ന്നിൽനിന്നേൽക്കും പുണ്യം രക്ഷകനേ**

**(മൂന്നു പ്രാവശ്യം)**

**നാഥാ! തേ സ്തുതിയും ...**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ...**

## വിശ്വാസപ്രമാണം



@FIOK*.MOC.KTYM